VOL NO: 10 I ISSUE 17

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 APRIL 25 I ₹10



# വനിതാ സംവരണം: മണ്ഡലം പുനർ നിർണയവും ഒളിയജണ്ടകളും

രാജ്യപുരോഗതിക്കും പ്രജാക്ഷേമത്തിനും വേണ്ടി നടത്തേണ്ട നിയമനിർമാണത്തെ കക്ഷിമാത്സര്യങ്ങൾക്കും ഭരണ താൽപര്യങ്ങൾക്കും വേണ്ടി ദുരുപയോഗം ചെയ്തതിന്റെ തിക്തഫലമാണ് ലോക്സഭയിൽ പരാജയപ്പെട്ട വനിതാ സംവരണ-മണ്ഡലം പുനർനിർണയ ബിൽ. രാഷ്ട്രഹിതത്തെ മറികടക്കാൻ കഴിയില്ലെന്ന് ഭരണപക്ഷത്തെയും ഐക്യത്തിന് വിജയമുണ്ടെന്ന് പ്രതിപക്ഷത്തെയും ബോധ്യപ്പെടുത്തുന്നതാണ് പുതിയ സംഭവവികാസങ്ങൾ.

## ജനാധിപത്യം നേരിടുന്ന ആൾദൈവ ഭീഷണി

## വ്യാജത്വരീകത്തുകൾക്കെതിരെ വാചാലരാകുന്നതെന്തിന്?

## വേനൽക്കാല ചർമരോഗങ്ങൾ

മുജീബ് ഒട്ടുമ്മൽ ● ഡോ. സഫ്ന യൂസഫ് ● യൂസുഫ് സാഹിബ് നദ്‌വി




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

483

നേർപഥം വാരിക

2026 ഏപ്രിൽ 25
1447 ദുൽഖഅ്ദ് 07
പുസ്തകം 10 / ലക്കം 17

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







മുജീബ് ഒട്ടുമ്മൽ

രാജ്യപുരോഗതിക്കും പ്രജാക്ഷേമത്തിനും വേണ്ടി നടത്തേണ്ട നിയമനിർമാണത്തെ കക്ഷിമാത്സര്യങ്ങൾക്കും ഭരണ താൽപര്യങ്ങൾക്കും വേണ്ടി ദുരുപയോഗം ചെയ്തതിന്റെ തിക്തഫലമാണ് ലോക്സഭയിൽ പരാജയപ്പെട്ട വനിതാ സംവരണ-മണ്ഡലം പുനർനിർണയ ബിൽ. രാഷ്ട്രഹിതത്തെ മറികടക്കാൻ കഴിയില്ലെന്ന് ഭരണപക്ഷത്തെയും ഐക്യത്തിന് വിജയമുണ്ടെന്ന് പ്രതിപക്ഷത്തെയും ബോധ്യപ്പെടുത്തുന്നതാണ് പുതിയ സംഭവവികാസങ്ങൾ.

05 മുഖമൊഴി
ഇവനാണു മുസ്‌ലിം

06 ആരോഗ്യപഥം
വേനൽക്കാല ചർമരോഗങ്ങൾ
ഡോ. സഫ്‌ന യൂസഫ്

18 ലേഖനം
ജനാധിപത്യം നേരിടുന്ന ആൾദൈവ ഭീഷണി
ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

20 ലേഖനം
വിശുദ്ധ ക്വുർആൻ; വിജയത്തിലേക്കുള്ള വഴി
ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്‌കത്ത്

23 ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

25 കഥ
നോമ്പും പട്ടിണിയും
സലാം തിരുമല

26 ലേഖനം
അന്ധത പരത്തുന്ന ശിർക്കും അനാചാരങ്ങളും
മെഹബൂബ് മദനി ഒറ്റപ്പാലം

31 വിമർശനം
വ്യാജത്വരീക്വത്തുകൾക്കെതിരെ വാചാലരാകുന്നതെന്തിന്?
മൂസ സ്വലാഹി കാര

34 കാഴ്ച
അപകടങ്ങൾ നമ്മോടു പറയുന്നത്
ശാക്കിറ ടി.കെ, കൊല്ലം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ‘മൻ ഇമാമുക,’ പ്രമാണമെന്ത്?

ക്വബ്റിലെ ചോദ്യങ്ങൾ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതാണ്. ഒരാൾ ക്വബ്റടക്കം ചെയ്യപ്പെട്ടയുടൻ മൻ റബ്ബുക, മാ ദീനുക, മൻ നബിയ്യുക എന്നീ ചോദ്യങ്ങൾ ചോദിക്കപ്പെടുമെന്ന് സ്വീകാര്യയോഗ്യമായി വന്ന ഹദീസിനാൽ സ്ഥിരപ്പെട്ടതാണ്. എന്നാൽ ‘മൻ ഇമാമുക’ എന്ന ചോദ്യം പലരുടെയും പ്രസംഗത്തിൽ പരാമർശിക്കുന്നതായി കേട്ടിട്ടുണ്ട്.

അതിന്റെ പ്രമാണങ്ങൾ അന്വേഷിച്ചറിയാൻ ശ്രമിച്ചപ്പോൾ നബി(സ്വ)യിൽനിന്ന് സ്ഥിരപ്പെട്ട റിപ്പോർട്ടിൽ അങ്ങനെയൊന്നില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

അൽബറാഅ് ഇബ്നു ആസിബി(റ)ൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട സ്വഹീഹായ ഹദീസിൽ നാലാമതൊരു ചോദ്യം കൂടിയുണ്ട്. ഒരു അൻസ്വാരിയുടെ ജനാസ മറമാടവെ നബി(സ്വ) ഇങ്ങനെ പറഞ്ഞതായി ആ ഹദീസിന്റെ അവസാനത്തിൽ കാണാം: ‘ഒരു വിശ്വാസി ഈ ലോകത്തുനിന്ന് യാത്രയായി ക്വബ്റിലെത്തുമ്പോൾ രണ്ട് മലക്കുകൾ അവനരികിലേക്ക് ഇറങ്ങും. അവനെ ഇരുത്തും. അവരവനോട് ചോദിക്കും: ‘നിന്റെ റബ്ബ് ആരാണ്?’ അവൻ പറയും: ‘എന്റെ റബ്ബ് അല്ലാഹുവാണ്.’ ‘നിന്റെ മതം എന്താണ്?’ അവൻ പറയും: ‘എന്റെ മതം ഇസ്‌ലാമാണ്.’ ‘നിങ്ങളിൽ അയക്കപ്പെട്ട ഈ മനുഷ്യൻ ആരാണ്?’ അവൻ പറയും: ‘അദ്ദേഹം അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ്(സ്വ) ആണ്.’ ‘നിനക്ക് ഈ അറിവ് എങ്ങനെ ലഭിച്ചു?’ അവൻ പറയും: ‘ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥം വായിച്ചു; അതിൽ വിശ്വസിച്ചു, അതിനെ സത്യമായി അംഗീകരിച്ചു” (അബൂദാവൂദ്, അഹ്മദ്. ശൈഖ് അൽബാനി സഹീഹ് എന്നു സ്ഥിരീകരിച്ചത്).

എങ്ങനെയാണ് ‘മൻ ഇമാമുക’ എന്ന, പ്രാമാണികമായി തെളിവില്ലാത്ത ചോദ്യം ജനങ്ങൾക്കിടയിൽ പ്രചരിച്ചത്? അറിയപ്പെട്ട മാലികി മദ്ഹബ് പണ്ഡിതനായ അബുൽ ഖാസിമുൽ ബുർസുലിയുടെ ‘ഫതാവാ അൽ ബുർസുലി’ എന്നറിയപ്പെടുന്ന എന്ന ഗ്രന്ഥത്തിൽ തൽഖീൻ ചൊല്ലിക്കൊടുക്കുന്നതിന്റെ ഭാഗമായി ‘അൽക്വുർആനു ഇമാമുക’ എന്ന് പറഞ്ഞുകൊടുക്കുന്നുണ്ട്. ഇതിന് യാതൊരു തെളിവുമില്ല; തൽഖീൻ തന്നെ ബിദ്അത്താണല്ലോ.

അതുപോലെ സൂഫി ശൈഖും അശ്അരി പണ്ഡിതനുമായ (ഹിജ്റ 1316ൽ മരണപ്പെട്ട) മുഹമ്മദുബ്ൻ നവവി അൽഹാവിയുടെ ‘നൂറുദ്ദ്വലാം’ എന്ന ഗ്രന്ഥത്തിൽ മുൻകർ-നകീർ മലക്കുകൾ ചോദ്യം ചെയ്യുന്നത് വിവരിക്കവെ ‘മാ ഇമാമുക’ എന്ന് കൊടുത്തിട്ടുണ്ട്. പക്ഷേ, ഇതിനൊന്നും തന്നെ തളിവുകളില്ല, അതുകൊണ്ടു തന്നെ സ്വീകാര്യയോഗ്യവുമല്ല.

എന്നാൽ ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്; ശിയാക്കളാണ് ‘മൻ ഇമാമുക’യുടെ പ്രചാരകർ. അലി(റ)യാണ് ഇമാം എന്ന് സമർഥിക്കാൻ വേണ്ടി അവരുടെ ഒരുപാട് കിതാബുകളിൽ ഇത് എഴുതിപ്പിടിച്ചതായി കാണാവുന്നതാണ്. ശിയാക്കളുടെ ഉന്നത പണ്ഡിതനായ മുഹമ്മദ് ബാകിർ അൽമ ജ്‌ലിസി ‘ബിഹാറുൽ അൻവാർ’ എന്ന ഗ്രന്ഥത്തിൽ ‘മൻ ഇമാമുക എന്ന ചോദ്യം കൊടുത്തത് ഉദാഹരണം. അലി(റ)യാണ് തന്റെ യഥാർഥ ഇമാം എന്നത് അംഗീകരിക്കാതെ ഒരാൾ ശരിയായ മുസ്‌ലിം ആവുകയില്ല എന്ന പിഴച്ച വാദം ഉറപ്പിക്കാൻ വേണ്ടിയാണ് ക്വബ്റിൽ ‘മൻ ഇമാമുക’ എന്ന ചോദ്യത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് അവർ എഴുതിവച്ചത്.

അലി(റ)യുടെ മാതാവ് മരണപ്പെട്ടപ്പോൾ നബി(സ്വ) അവർക്ക് ഇപ്രകാരം തൽഖീൻ ചൊല്ലിക്കൊടുത്തുവത്രെ: “രണ്ടു മലക്കുകൾ നിന്റെ അടുത്ത് വന്ന് ചോദിച്ചാൽ നീ പറയണം: ‘അല്ലാഹു എന്റെ റബ്ബാണ്. മുഹമ്മദ് എന്റെ റസൂലാണ്. ഇസ്‌ലാം എന്റെ ദീനാണ്. ക്വുർആൻ എന്റെ കിതാബാണ്. അലി എന്റെ മകനും വലിയ്യും ആണ്.’’ ഇത് പ്രമാണവിരുദ്ധവും നബി(സ്വ)യുടെ പേരിലുള്ള ശുദ്ധ കളവുമാണ്. പ്രമാണങ്ങൾക്കുള്ളിൽ സുരക്ഷിതമാണ് പരിശുദ്ധ ദീൻ. അതിനെ അതേ പരിശുദ്ധതയിൽ തന്നെ നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

**- നസീമ വാടാനപ്പള്ളി**

# ഇവനാണു മുസ്‌ലിം


ഏകനായ അല്ലാഹുവിൽ എല്ലാം ഭരമേൽപിച്ച്, അവന്റെ പ്രീതിയും പൊരുത്തവും മാത്രം കാംക്ഷിച്ചു കഴിയുന്ന അനുസരണയുള്ള ദാസന്മാരാണ് യഥാർഥ മുസ്‌ലിംകൾ. ഈ ജീവിതത്തിനുശേഷം ശാശ്വതമായ മറ്റൊരു ജീവിതമുണ്ടെന്നും അവിടെ ഗുണവും ദോഷവുമായി മാറുന്ന കാര്യങ്ങൾ ഏതൊക്കെയാണെന്നും വിശദീകരിച്ചുതരാൻ അന്ത്യനാൾവരേക്കുമുള്ള സകല ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ട മുഹമ്മദ് നബി(സ)യെ മാതൃകയാക്കിയാണ് മുസ്‌ലിംകൾ ജീവിക്കേണ്ടത്. ഈ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ പലതിലും വിശ്വസിക്കുന്നു; പലതിലും അവിശ്വസിക്കുകയും ചെയ്യുന്നു. അതുപോലെ പലതും പ്രവർത്തിക്കുന്നു; പലതും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നു. നന്മകളോട് ആഭിമുഖ്യം പുലർത്തുകയും തിന്മകളെ വെറുക്കുകയും ചെയ്യുന്നു. വിശ്വാസത്തിലും കർമത്തിലും പുലർത്തുന്ന ഈ പ്രത്യേകതകൾ മുസ്‌ലിംകളുടെ സവിശേഷതകളാണ്.

ജീവിത സന്ധാരണത്തിന് മറ്റുള്ളവരെ പോലെത്തന്നെ മുസ്‌ലിംകളും നാനാതരം ജോലികളിൽ വ്യാപൃതരാകുന്നു. കച്ചവടം ചെയ്യുന്നു, കൃഷിചെയ്യുന്നു, ഉദ്യോഗം വഹിക്കുന്നു... വ്യാപാരങ്ങളിലും വ്യവസായങ്ങളിലും കൃഷിയിലും മുസ്‌ലിംകളുടെ ലക്ഷ്യവും ലാഭം തന്നെയാണ്. ഉദ്യോഗത്തിൽ അവർ തേടുന്നതും വരുമാനം തന്നെയാണ്. ഓരോ തൊഴിലിലും മറ്റുള്ളവർ ഉദ്ദേശിക്കുന്നതുതന്നെ അവരും ഉദ്ദേശിക്കുന്നു; വ്യത്യാസമൊന്നുമില്ല. പക്ഷേ, ഏറ്റവും പ്രധാനമായ ഒരു വ്യത്യാസമുണ്ട്. ആദ്യംതന്നെ ആ തൊഴിൽ അനുവദനീയമോ നിഷിദ്ധമോ എന്നു നോക്കുന്നു. നിഷിദ്ധമാണെങ്കിൽ പിന്നെ ലാഭനഷ്ടങ്ങളുടെ കണക്കെടുക്കുന്നില്ല; പൂർണമായും അതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നു. അനുവദനീയമല്ലാത്തതെല്ലാം വർജിക്കുന്നു. അതുമൂലം ഉണ്ടായേക്കാവുന്ന ലാഭവും ഉൽപാദനവും ആദായവും സസന്തോഷം കയ്യൊഴിക്കുന്നു. മനസ്സിൽ നഷ്ടത്തെക്കുറിച്ചു വേവലാതിയുണ്ടാകുന്നില്ല. മാത്രമല്ല, വിരോധിക്കപ്പെട്ടതിൽനിന്നു രക്ഷപ്പെട്ട ആത്മസംതൃപ്തി അനുഭവിക്കുകയും ചെയ്യുന്നു.

ജീവിത സന്ധാരണത്തിന് ഒരു മുസ്‌ലിം കച്ചവടമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അനുവദനീയമായ കച്ചവടം നോക്കുന്നു. ഇസ്‌ലാം ഹറാമാക്കിയ മദ്യവിൽപനയും മയക്കുമരുന്നു കച്ചവടവും പോലുള്ളവ സ്വീകരിക്കുന്നില്ല. അത് കൂടുതൽ ആദായകരവും ലാഭകരവുമാണ്. എന്നിട്ടും, അതു വിരോധിക്കപ്പെട്ടതാണെന്നതുകൊണ്ട് അതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നു. ഇനി ഹലാലായ കച്ചവടങ്ങളിലേർപെട്ടാൽ തന്നെ അതിലെ ഹലാൽ അല്ലാത്ത വശങ്ങൾ നിർബന്ധമായും വർജിക്കുന്നു. പൂഴ്ത്തിവയ്പ്, കരിഞ്ചന്ത, കൊള്ളലാഭം, മായം ചേർക്കൽ... തുടങ്ങിയ നിഷിദ്ധ മാർഗങ്ങൾ, അവ കൂടുതൽ ലാഭകരമാണെന്നുറപ്പുള്ളതോടുകൂടിത്തന്നെ വെടിയുന്നു. അങ്ങനെ ജീവിത സന്ധാരണത്തിന്നുള്ള ഒരു മാർഗമായി തെരഞ്ഞെടുക്കപ്പെടുന്ന കച്ചവടത്തിൽ ഈ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഭക്തരായ മുസ്‌ലിംകൾ മറ്റുള്ളവരിൽനിന്നു വ്യതിരിക്തരായി നിലകൊള്ളുന്നു.

മുസ്‌ലിംകളും കൃഷിയിലേർപ്പെടുന്നു. എന്നാൽ അതിലും ഇസ്‌ലാമിക നിർദേശങ്ങൾ പാലിക്കുന്നു. മറ്റുള്ളവരുടെ വെള്ളം അവരറിയാതെ സ്വന്തം നിലങ്ങളിലേക്ക് തിരിച്ചുവിടുന്നില്ല. അതിരുകൾ മാന്തി സ്വന്തം നിലത്തിന്റെ വിസ്തീർണം വർധിപ്പിക്കുന്നില്ല. കാർഷികവിളകളുടെ സകാത്ത് കൊടുക്കാനുള്ള ഉൽപന്നങ്ങൾ ലഭിക്കുന്നുവെങ്കിൽ സകാത്ത് കൊടുക്കാതിരിക്കുന്നില്ല.

ഉദ്യോഗം വഹിക്കുന്ന യഥാർഥ മുസ്‌ലിംകൾ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ വിലോപം കാണിക്കുകയില്ല. ആർക്കിടയിലും ഒരു വിവേചനവും കാണിക്കുകയില്ല. അഴിമതി കാണിക്കുകയില്ല; കൈക്കൂലി വാങ്ങുകയില്ല. അധികാരം ദുരുപയോഗപ്പെടുത്തുകയില്ല; അഹിതമായതൊന്നും ചെയ്യുകയില്ല. അങ്ങനെ ഇവിടെയും ഈ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ യഥാർഥ മുസ്‌ലിംകൾ മറ്റുള്ളവരിൽ നിന്നു വേർതിരിഞ്ഞു നിൽക്കുന്നു. കാരണം അവർ ഹലാൽ, ഹറാം എന്നീ ഇസ്‌ലാമികവിധികൾ ഉൾക്കൊള്ളുന്നു.




# വേനൽക്കാല ചർമരോഗങ്ങൾ

**ഡോ. സഫ്ന യൂസഫ്**
**മൗലാന ഹോസ്പിറ്റൽ, പെരിന്തൽമണ്ണ**

വേനൽക്കാലമെത്തുമ്പോൾ ചൂട്, വിയർപ്പ്, ഈർപ്പം, സൂര്യപ്രകാശം എന്നിവയെല്ലാം ചേർന്ന് നമ്മുടെ ചർമത്തെ ദോഷകരമായി ബാധിക്കുന്നു. കേരളം പോലെ ഈർപ്പമുള്ള കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ, വേനൽക്കാലത്ത് ചർമരോഗങ്ങൾ വർധിക്കുന്നത് സാധാരണമാണ്. ചെറിയ അസൗകര്യങ്ങളിൽനിന്ന് ഗുരുതരമായ ഇൻഫെക്ഷനുകൾവരെ ഉണ്ടാകാനുള്ള സാധ്യത ഇക്കാലയളവിൽ കണ്ടുവരുന്നു. അതിനാൽ, വേനൽക്കാല ചർമപരിചരണം വളരെ പ്രധാനമാണ്.

**വേനൽക്കാലത്ത് ചർമത്തിന് എന്ത് സംഭവിക്കുന്നു?**

ചൂട് കൂടുമ്പോൾ വിയർപ്പുഗ്രന്ഥികൾ കൂടുതൽ പ്രവർത്തിക്കുന്നു. വിയർപ്പ് ശരീരത്തെ തണുപ്പിക്കാൻ സഹായിക്കുമ്പോഴും,



**വേനൽക്കാലം എത്തുന്നതിനു മുമ്പ്, നിലവിൽ ചർമരോഗങ്ങളുള്ളവർ അവരുടെ ഡോക്ടറെ കണ്ട് വ്യക്തിഗത പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണം. മോയിസ്ചറൈസർ ഉപയോഗിക്കുകയും അമിതമായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുകയും ആവശ്യമായാൽ ഒരു ഡെർമറ്റോളജിസ്റ്റിനെ കൺസൾട്ടു ചെയ്യുകയും വേണം. ഇതു ചർമാരോഗ്യത്തെ മെച്ചപ്പെടുത്താനും ഗുരുതരമായ അവസ്ഥകൾ ഒഴിവാക്കാനും സഹായിക്കും.**

അധികമായ വിയർപ്പ് ചർമത്തിൽ ഈർപ്പം വർധിപ്പിക്കുകയും ബാക്ടീരിയയും ഫംഗസും വളരാൻ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതാണ് പല ചർമരോഗങ്ങൾക്കും അടിസ്ഥാന കാരണം.

**സാധാരണ കണ്ടുവരുന്ന ചർമരോഗങ്ങൾ:**

*1. ചൂടുകുരു (Miliaria / Prickly Heat)*

വേനൽക്കാലത്ത് ഏറ്റവും കൂടുതലായി കാണപ്പെടുന്ന പ്രശ്നമാണ് ചൂടുകുരു. വിയർപ്പുഗ്രന്ഥി നാളങ്ങൾ തടസ്സപ്പെടുമ്പോൾ ചെറുതായി ചുവന്ന കുരുക്കളായി ഇവ പ്രത്യക്ഷപ്പെടുന്നു.

*ലക്ഷണങ്ങൾ:* ചുവന്ന തടിപ്പുകൾ, ചൊറിച്ചിൽ, പുകച്ചിൽ. ഇവ കഴുത്ത്, പുറം, നെഞ്ച് എന്നിവിടങ്ങളിൽ കൂടുതലായി കാണുന്നു. കുട്ടികളിൽ ഇവ പെട്ടെന്ന് അണുബാധക്ക് കാരണമാവുകയും പഴുത്ത കുരുക്കൾ രൂപപ്പെടുകയും ചെയ്തേക്കാം.

*പ്രതിരോധവും പരിചരണവും:* കാറ്റ് കടക്കുന്ന കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക. ദിവസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം കുളിക്കുക. ശരീരം വൃത്തിയായി സൂക്ഷിക്കുക.

ചൊറിച്ചിലും തടിപ്പും കുറയ്ക്കാൻ കലാമിൻ ലോഷൻ പോലുള്ളവ ഉപയോഗിക്കാം. ബുദ്ധിമുട്ടുകൾ അധികമാകുന്നപക്ഷം ഡോക്ടറുടെ നിർദേശമനുസരിച്ചുള്ള ചികിത്സ സ്വീകരിക്കുക.

**2. ഫംഗൽ ഇൻഫെക്ഷനുകൾ** (Ringworm / Tinea)

വിയർപ്പും ഈർപ്പവും കൂടുതലുള്ള സാഹചര്യത്തിൽ ഫംഗസ് വേഗത്തിൽ വളരുന്നു. അതിനാൽ, വേനൽക്കാലത്ത് ഫംഗൽ ഇൻഫെക്ഷനുകൾ വർധിക്കുന്നു.

*ലക്ഷണങ്ങൾ:* ചൊറിച്ചിലോടുകൂടിയ, വട്ടത്തിലുള്ള ചുവന്ന പാടുകൾ. അരയിടം, കൈക്കുഴി, കഴുത്ത്, കാലുകൾ എന്നിവിടങ്ങളിൽ കൂടുതലായി കാണപ്പെടുന്നു. രോഗത്തിന്റെ കാഠിന്യമനുസരിച്ച് ഏതാനും ആഴ്ചകൾ മരുന്ന് ഉപയോഗിക്കേണ്ടിവരും. ഇവ രോഗിയിൽനിന്ന് മറ്റുള്ളവർക്ക് സമ്പർക്കത്തിലൂടെ പകരുന്നതാണ്.

*പ്രതിരോധം:* പൊതു നീന്തൽക്കുളങ്ങൾ, പൊതു ശൗചാലയങ്ങൾ മുതലായവ ഉപയോഗിക്കുന്നതിലൂടെ രോഗം പകർന്നേക്കാം. ശരീരം ഈർപ്പമില്ലാതെ സൂക്ഷിക്കുക. നനഞ്ഞതും വിയർപ്പുള്ളതുമായ വസ്ത്രങ്ങൾ ഉടൻ മാറ്റുക. മറ്റുള്ളവരുടെ തുണി/വസ്ത്രങ്ങൾ ഉപയോഗിക്കരുത്.

**3. സൺബേൺ** (Sunburn)

നേരിട്ടുള്ള സൂര്യപ്രകാശത്തിൽ ദീർഘസമയം കഴിയുമ്പോൾ ചർമം പൊള്ളുന്ന അവസ്ഥയാണ് സൺബേൺ.

*ലക്ഷണങ്ങൾ:* ചർമത്തിൽ ചുവന്നതും വേദനയുള്ളതുമായ തടിപ്പുകൾ. ചിലപ്പോൾ കുമിളകൾ (blisters) കാണപ്പെടുന്നു.

*പ്രതിരോധം:* SPF 15-30 ഉള്ള സൺസ്ക്രീൻ ഉപയോഗിക്കുക. 11 മണി മുതൽ 3 മണിവരെ നേരിട്ടുള്ള സൂര്യപ്രകാശം ഒഴിവാക്കുക. തൊപ്പി,

കുട എന്നിവ ഉപയോഗിക്കുക.

**4. അലർജി** (Photodermatitis)

വേനൽക്കാലത്ത് സൂര്യപ്രകാശ അലർജി (ഫോട്ടോഡർമറ്റൈറ്റിസ്) ഒരു സാധാരണ പ്രശ്നമാണ്. ഇത് നേരത്തെ ചർമപ്രശ്നങ്ങൾ ഉള്ളവരിൽ കൂടുതലായി കാണപ്പെടുന്നു. പ്രത്യേകിച്ച് ചെവിയിലും വെയിലേൽക്കുന്ന ഭാഗങ്ങളിലും ചുവപ്പും തടിപ്പും ചൊറിച്ചിലും ഉണ്ടാക്കുന്നു. സൺബേണിൽനിന്നും വ്യത്യസ്തമായി വളരെ ചെറിയ അളവിലുള്ള സൂര്യപ്രകാശം പോലും ഫോട്ടോഡർമറ്റൈറ്റിസ് ഉണ്ടാക്കും. ഇത് തടയാൻ, നേരിട്ടുള്ള സൂര്യപ്രകാശം ഒഴിവാക്കുകയും ഉയർന്ന ഗുണമേൻമയുള്ള സൂര്യപ്രതിരോധക ക്രീം ഉപയോഗിക്കുകയും ഡോക്ടർ നിർദേശിച്ച മരുന്നുകൾ സ്ഥിരമായി സ്വീകരിക്കുകയും വേണം.

**5. ടാൻ** (Skin Tanning)

സൂര്യപ്രകാശംമൂലം ചർമം ഇരുണ്ട നിറത്തിലാകുന്ന അവസ്ഥയാണ് ടാൻ. ഇത് ആരോഗ്യപ്രശ്നമല്ലെങ്കിലും, സൗന്ദര്യപരമായ ആശങ്കകൾ ഉണ്ടാക്കാം.

*പ്രതിരോധം:* സ്ഥിരമായി സൺസ്ക്രീൻ ഉപയോഗിക്കുക. പുറത്ത് പോകുമ്പോൾ സൂര്യപ്രകാശത്തിൽ നിന്ന് സംരക്ഷണം കിട്ടുന്ന രീതിയിലുള്ള വസ്ത്രങ്ങൾ ധരിക്കുക.

**6. ബാക്ടീരിയൽ ഇൻഫെക്ഷനുകൾ**


വിയർപ്പ് കൂടിയ സാഹചര്യത്തിൽ ബാക്ടീരിയ വളരാൻ സാധ്യത കൂടുതലാണ്. ഫോളിക്കുലൈറ്റിസ് പോലുള്ള പ്രശ്നങ്ങളാണ് ഇവയിൽ പ്രധാനം.

*ലക്ഷണങ്ങൾ:* ചെറിയ പഴുപ്പ് നിറഞ്ഞ തടിപ്പുകൾ രോമകൂപങ്ങൾ കേന്ദ്രീകരിച്ചു കാണപ്പെടുന്നു. വേദന, ചൊറിച്ചിൽ.

*പ്രതിരോധം:* വ്യക്തിഗത ശുചിത്വം പാലിക്കുക. അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

**7. മുഖക്കുരു**

വേനൽക്കാലത്ത് ചൂടും വിയർപ്പും




കാരണം മുഖക്കുരു കൂടുതൽ കാണപ്പെടുന്നു. അതിനൊപ്പം എണ്ണമയവും അന്തരീക്ഷത്തിലെ പൊടിപടലങ്ങളും ഈ പ്രശ്നം ഗുരുതരമാക്കുന്നു. ഇത് നിയന്ത്രിക്കാൻ, മുഖം വൃത്തിയായി സൂക്ഷിക്കുകയും രോമകൂപങ്ങൾ മൂടാത്ത മോയിസ്ചറൈസർ, സൺസ്ക്രീൻ എന്നിവ ഉപയോഗിക്കുകയും ചെയ്യാം. നിങ്ങളുടെ ഡെർമറ്റോളജിസ്റ്റ് നിർദേശിച്ചിരിക്കുന്ന മരുന്നുകൾ സ്ഥിരമായി തുടരുകയും വേണം.

**8. ചിക്കൻ പോക്സ്**

വേനൽക്കാലത്ത് സാധാരണയായി കാണപ്പെടുന്ന ഒരു വൈറൽ രോഗമാണ് ചിക്കൻപോക്സ്. ഇത് വായുവിലൂടെ പകരുന്നു. ചൊറിച്ചിലോട് കൂടിയ വെള്ളം നിറഞ്ഞ കുമിളകളാണ് പ്രധാന ലക്ഷണം. പനി, ശരീരവേദന, തലവേദന തുടങ്ങിയവ, തടിപ്പുകൾ പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി രോഗിയിൽ കാണാറുണ്ട്. പൊട്ടിയ കുമിളകളിൽനിന്ന് രൂപം കൊള്ളുന്ന മുറിവുകൾ കരിഞ്ഞ് പൊറ്റ പൊഴിയുന്നതുവരെയാണ് പകരാനുള്ള

**വേനൽക്കാലത്ത് ചർമപ്രശ്ന ങ്ങൾ സാധാരണമാണെങ്കിലും, ശരിയായ മുൻകരുതലുകൾ സ്വീകരിച്ചാൽ അവയെ എളുപ്പത്തിൽ നിയന്ത്രിക്കാം. വ്യക്തിശുചിത്വം, ശരിയായ വസ്ത്രധാരണം, സൂര്യ പ്രകാശത്തിൽനിന്ന് സംരക്ഷണം എന്നിവയാണ് ആരോഗ്യകരമായ ചർമത്തിനായി വേനലിൽ ശ്രദ്ധിക്കേണ്ടത്. ചെറിയ പ്രശ്നങ്ങൾ അവഗണിക്കാതെ, ആവശ്യമായ സമയത്ത് ഡോക്ടറെ സമീപിക്കുന്നത് ആരോഗ്യസംരക്ഷണത്തിന് നിർണായകമാണ്.**

സാധ്യത. അപൂർവമായി തലച്ചോറിലും ശ്വാസകോശത്തിലും സങ്കീർണതകൾ ഉണ്ടാക്കുന്നു; പ്രത്യേകിച്ച് മുതിർന്നവരിൽ. വിശ്രമവും പോഷകമുള്ള ഭക്ഷണവും രോഗമുക്തിക്കു നിർണായകമാണ്. ശരീരം വൃത്തിയായി സൂക്ഷിക്കുക, മുറിവുകൾ വൃത്തിയാക്കി മരുന്ന് പുരട്ടുക, ആന്റിവൈറൽ ഗുളികകൾ കഴിക്കുക തുടങ്ങിയ മാർഗങ്ങൾ പെട്ടെന്നുതന്നെ രോഗത്തെ വരുതിയിലാക്കാൻ സഹായി ക്കുകയും സങ്കീർണതകൾ തടയുകയും ചെയ്യുന്നു. കൂടാതെ, വേനൽക്കാലത്തിനു മുമ്പ് ചിക്കൻപോക്സ് വാക്സിനേഷൻ സ്വീകരിക്കുന്നത് വളരെ പ്രായോഗികവും സുരക്ഷിതവുമാണ്.

**പ്രത്യേക ശ്രദ്ധ ആവശ്യമായവർ**

കുട്ടികൾ, പ്രമേഹരോഗികൾ, അധികമായി വിയർക്കുന്നവർ, ഇറുകിയ വസ്ത്രങ്ങൾ ധരിക്കുന്നവർ; ഇവർക്ക് ചർമരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

**വേനൽക്കാല ചർമപരിചരണ നിർദേശങ്ങൾ**

- ദിവസത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യം കുളിക്കുക.
- അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ മാത്രം ധരിക്കുക.
- ധാരാളം വെള്ളം കുടിക്കുക
- സൺസ്ക്രീൻ ഉപയോഗം പതിവാക്കുക.
- വിയർപ്പോ നനവോ തങ്ങിയ വസ്ത്ര ങ്ങൾ താമസിയാതെ മാറ്റുക.
- ചർമം ഈർപ്പമില്ലാതെ സൂക്ഷിക്കുക.

വേനൽക്കാലം എത്തുന്നതിനു മുമ്പ്, നിലവിൽ ചർമരോഗങ്ങളുള്ളവർ അവരുടെ ഡോക്ടറെ കണ്ട് വ്യക്തിഗത പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണം. മോയിസ്ചറൈസർ ഉപയോഗിക്കുകയും അമിതമായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുകയും ആവശ്യമായാൽ ഒരു ഡെർമറ്റോളജിസ്റ്റിനെ കൺസൾട്ടു ചെയ്യുകയും വേണം. ഇതു ചർമാരോഗ്യത്തെ മെച്ചപ്പെടുത്താനും ഗുരുതരമായ അവസ്ഥകൾ ഒഴിവാ ക്കാനും സഹായിക്കും.

**എപ്പോൾ ഡോക്ടറെ കാണണം?**

- ചൊറിച്ചിൽ നിയന്ത്രിക്കാനാകാത്തപ്പോൾ
- പാടുകൾ വേഗത്തിൽ വ്യാപിക്കുമ്പോൾ
- പഴുപ്പ്, വേദന, പനി എന്നിവ ഉണ്ടാകുമ്പോൾ
- മരുന്നുകൾ ഉപയോഗിച്ചിട്ടും മാറ്റമില്ലാത്തപ്പോൾ.

വേനൽക്കാലത്ത് ചർമപ്രശ്നങ്ങൾ സാധാരണമാണെങ്കിലും, ശരിയായ മുൻകരുതലുകൾ സ്വീക രിച്ചാൽ അവയെ എളുപ്പത്തിൽ നിയന്ത്രിക്കാം. വ്യക്തിശുചിത്വം, ശരിയായ വസ്ത്രധാരണം, സൂര്യ പ്രകാശത്തിൽനിന്ന് സംരക്ഷണം എന്നിവയാണ് ആരോഗ്യകരമായ ചർമത്തിനായി ഈ വേനലിൽ ശ്രദ്ധിക്കേണ്ടത്. ചെറിയ പ്രശ്നങ്ങൾ അവഗണിക്കാതെ, ആവശ്യമായ സമയത്ത് ഡോക്ടറെ സമീപിക്കു ന്നത് ആരോഗ്യസംരക്ഷണത്തിന് നിർണായകമാണ്.



‘ഇന്ത്യക്ക് ഇത് ഇരുളടഞ്ഞ നാളുകളാണ്. 2002ൽ ബാപ്പുവിന്റെ നാടായ ഗുജറാത്തിൽ നടന്ന കൂട്ടക്കൊലയും തുടർന്നുണ്ടായ നരേന്ദ്രമോഡിയുടെ തെരഞ്ഞെടുപ്പ് വിജയവും രാജ്യത്തെ നാശത്തിലേക്ക് നയിക്കും. ഹിന്ദു മതഭ്രാന്തന്മാരുടെ ഫാസിസ്റ്റ് അജണ്ട, ആധുനിക ചരിത്രത്തിലെ നമ്മുടെ ഇതുവരെയുള്ള അനുഭവങ്ങളിനിന്നും തികച്ചും വ്യത്യസ്തമാണ്. ഇന്ത്യ തകർച്ചയിലേക്ക് നീങ്ങുകയാണ്. ഒരു മഹാത്ഭുതം നമ്മളെ രക്ഷിച്ചില്ല എങ്കിൽ രാജ്യം ഛിന്നഭിന്നമാകും. നമ്മെ തകർക്കുന്നത് പാക്കിസ്ഥാനോ മറ്റേതെങ്കിലും വിദേശ ശക്തിയോ ആയിരിക്കില്ല. നമ്മൾ സ്വയം തകരും; ജപ്പാൻ സമുറായിയുടെ ആചാരപരമായ ‘ഹരാകിരി’ പോലെ.’

-Khushwant Singh, ‘The End of India’

# വനിതാസംവരണം: മണ്ഡലം പുനർനിർണയവും ഒളിയജണ്ടകളും

മുജീബ് ഒട്ടുമ്മൽ
: 97444 31890

**രാജ്യപുരോഗതിക്കും പ്രജാക്ഷേമത്തിനും വേണ്ടി നടത്തേണ്ട നിയമനിർമാണത്തെ കക്ഷിമാത്സര്യങ്ങൾക്കും ഭരണ താൽപര്യങ്ങൾക്കും വേണ്ടി ദുരുപയോഗം ചെയ്തതിന്റെ തിക്തഫലമാണ് ലോക്സഭയിൽ പരാജയപ്പെട്ട വനിതാ സംവരണ-മണ്ഡലം പുനർനിർണയ ബിൽ. രാഷ്ട്രഹിതത്തെ മറികടക്കാൻ കഴിയില്ലെന്ന് ഭരണപക്ഷത്തെയും ഐക്യത്തിന് വിജയമുണ്ടെന്ന് പ്രതിപക്ഷത്തെയും ബോധ്യപ്പെടുത്തുന്നതാണ് പുതിയ സംഭവവികാസങ്ങൾ.**

2026 ഏപ്രിൽ 17ന് ലോക്സഭയിൽ ബിജെപി അവതരിപ്പിച്ച വനിതാ സംവരണ-മണ്ഡലം പുനർനിർണയ ബില്ല് പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ത്യയുടെ മതനിരപേക്ഷതക്ക് ക്ഷതമേൽപിക്കാനുള്ള ശ്രമങ്ങളിൽ ഒന്ന് പരാജയപ്പെട്ടതിൽ രാജ്യത്തോട് പ്രതിബദ്ധതയുള്ളവർക്കും ദേശക്കൂറുള്ളവർക്കും അൽപമെങ്കിലും ആശ്വാസമേകിയിരിക്കുകയാണ്. 2024ലെ പൊതുതെരഞ്ഞെടുപ്പിൽ 400 സീറ്റ് ലഭിക്കുമെന്ന പ്രതീക്ഷയിൽ വർഗീയതയും വംശീയതയും ആയുധമാക്കിയ കാവി രാഷ്ട്രീയത്തിന് അടിതെറ്റിയെന്ന തിരിച്ചറിവാണ് ഈ ബില്ലവത

രിപ്പിക്കാൻ ബിജെപിയെ പ്രേരിപ്പിച്ചത്. 33 ശതമാനം വനിതാ സംവരണത്തോടെ ലോക്സഭാ-നിയമസഭാ സീറ്റുകൾ വർധിപ്പിച്ചുള്ള 131-ാമത് ഭരണഘടനാ ഭേദഗതി ബില്ലും ഒപ്പം പരിഗണിച്ച മണ്ഡല പുനർനിർണയ ബില്ലും മണ്ഡല പുനർനിർണയം കേന്ദ്രഭരണ പ്രദേശങ്ങൾക്ക്കൂടി ബാധകമാക്കിയുമുള്ള ബില്ലുമാണ് വെള്ളിയാഴ്ച ലോക്സഭയിൽ പരാജയപ്പെട്ടത്. ഭരണഘടനാ ഭേദഗതിക്കാവശ്യമായ മൂന്നിൽ രണ്ട് വോട്ട് നേടാൻ സർക്കാറിനായില്ല. നിലവിലെ ഭരണഘടന വ്യവസ്ഥ പ്രകാരം 2026ന് ശേഷമുള്ള സെൻസസ് കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രമെ ഇനി മണ്ഡലം പുനർനിർണയം സാധ്യമാകൂ.

സെൻസസ് നടപടികളിലേക്ക് രാജ്യം കടന്നെങ്കിലും 2029ലെ ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ്നടപടികൾ പൂർത്തീകരിച്ച് മണ്ഡല പുനർനിർണയം പ്രായോഗികമല്ല. ഇത് തിരിച്ചറിഞ്ഞാണ് 2011ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ മണ്ഡല പുനർനിർണയം നടത്താനും എല്ലാ സംസ്ഥാനങ്ങളിലും ലോക്സഭ-നിയമസഭ സീറ്റുകൾ 50 ശതമാനം വീതം വർധിപ്പിക്കാനും സർക്കാർ ശ്രമിച്ചത്. 50 ശതമാനം വർധനവെന്ന് ബില്ലിൽ പറയുന്നില്ലെങ്കിലും ലോക്സഭാ സീറ്റുകൾ പരമാവധി 850 ആക്കുമെന്ന് പരാമർശിക്കുന്നു. ലോകസഭ സീറ്റുകൾ കുത്തനെ ഉയർത്തുന്നതിനോടുള്ള പ്രതിപക്ഷത്തിന്റെ വിയോജിപ്പ് മറികടക്കാനാണ് വനിതാ സംവരണത്തോടെയുള്ള മണ്ഡല പുനർനിർണയമെന്ന നീക്കത്തിലേക്കാണ് സർക്കാർ കടന്നത്. പ്രതിപക്ഷ നിരയിൽ ഭിന്നിപ്പ് സൃഷ്ടിച്ചു ഭരണഘടനാഭേദഗതി ബില്ല് പാസാക്കുകയായിരുന്നു ലക്ഷ്യം. പ്രതിപക്ഷം ഒറ്റക്കെട്ടായി എതിർത്തതോടെ സർക്കാർ നീക്കം പാളുകയായിരുന്നു. വനിതാ സംവരണത്തെ മണ്ഡലം പുനർനിർണയവുമായി ബന്ധപ്പെടുത്തുന്നത് എന്തിനെന്ന ചോദ്യത്തിനുമുന്നിൽ സർക്കാറിന് കൃത്യമായ ഉത്തരമുണ്ടായിരുന്നില്ല. തങ്ങളുടെ ഇംഗീതത്തിനും താൽപര്യത്തിനും വേണ്ടി പ്രവർത്തിക്കുന്ന മണ്ഡല പുനർനിർണയ കമ്മീഷൻ രൂപീകരിക്കാനുള്ള ശ്രമങ്ങളായിരുന്നു സർക്കാർ നടത്തിയിരുന്നത്.

### ഭേദഗതി ബില്ലിലെ ഒളിയജണ്ടകൾ

2029ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലോ കിഴക്കൻ സംസ്ഥാനങ്ങളിലോ തങ്ങൾക്കെതിരായ കാറ്റ് വീശിയാലും കേന്ദ്രത്തിൽ ഭൂരിപക്ഷം ഉറപ്പ് വരുത്തുകയെന്നതാണ് ബിജെപി സംഘപരിവാര ലക്ഷ്യമെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. ഹിന്ദി സംസ്ഥാനങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന മണ്ഡല പുണർനിർണയം നടപ്പിലാക്കുന്നതോടുകൂടി ലോക്സഭാ സീറ്റുകളുടെ എണ്ണം 530ൽനിന്ന് 850 ആയി ഉയരും. ബിജെപിക്ക് വലിയ സ്വാധീനമുള്ള ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ അടക്കമുള്ള 8 ഹിന്ദി സംസ്ഥാനങ്ങളിലെ സീറ്റുകൾ 207ൽ നിന്ന് 543 ആയി വർധിക്കും. ഇതോടെ ഏതാണ്ട് 77 ശതമാനം വർധനവാണ് സാധ്യമാകുന്നത്. പാർലമെന്റിൽ ഈ സംസ്ഥാനങ്ങളുടെ പങ്കാളിത്തം 38.1 ശതമാനത്തിൽനിന്ന് 43.1 ശതമാനമായി ഉയരുമെന്നും വിലയിരുത്തുന്നു. അതേസമയം കേരളം, തമിഴ്നാട്, കർണാടക അടക്കമുള്ള ദക്ഷിണേന്ത്യൻ സ്ഥാനങ്ങൾക്ക് ദേശീയ രാഷ്ട്രീയത്തിൽ വലിയ പ്രാധാന്യം നഷ്ടപ്പെടും. ദക്ഷിണേന്ത്യയിലെ സീറ്റുകൾ 132ൽനിന്ന് 176 മാത്രമായി വർധിക്കും. വെറും 33 ശതമാനം വർധനവ് മാത്രമാകുന്നതോടെ ഇവരുടെ പാർലമെന്റ് വിഹിതം 24.3 ശതമാനത്തിൽനിന്ന് 20.7 ശതമാനമായി കുറയുകയും ചെയ്യും.

സമാനമായ രീതിയിൽ ബംഗാൾ അടക്കമുള്ള കിഴക്കൻ സംസ്ഥാനങ്ങളുടെ പാർലമെന്റ് വിഹിതം 14.4 ശതമാനത്തിൽനിന്ന് 13.7 ശതമാനമായും വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ വിഹിതത്തിൽ 4.4 ശതമാനത്തിൽനിന്ന് 3.8 ശതമാനമായും കുറയുമെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്നത്തെ ഇലക്ഷൻ കമ്മീഷന്റ നേതൃത്വത്തിൽ മണ്ഡല പുനർനിർണയം നടന്നാലുണ്ടാകുന്ന അപകടങ്ങളെയും ഗൗരവത്തിൽ കാണേണ്ടതുണ്ട്. എസ്ഐആറിലൂടെ രാജ്യത്തെ കോടിക്കണക്കിന് പൗരൻമാരുടെ വോട്ടവകാശം നിഷേധിച്ച

**പ്രതിപക്ഷ നിരയിൽ ഭിന്നിപ്പ് സൃഷ്ടിച്ചു ഭരണഘടനാഭേദഗതി ബില്ല് പാസാക്കുകയായിരുന്നു ലക്ഷ്യം. പ്രതിപക്ഷം ഒറ്റക്കെട്ടായി എതിർത്തതോടെ സർക്കാർ നീക്കം പാളുകയായിരുന്നു. വനിതാ സംവരണത്തെ മണ്ഡലം പുനർനിർണയവുമായി ബന്ധപ്പെടുത്തുന്നത് എന്തിനെന്ന ചോദ്യത്തിനുമുന്നിൽ സർക്കാറിന് കൃത്യമായ ഉത്തരമുണ്ടായിരുന്നില്ല. തങ്ങളുടെ ഇംഗീതത്തിനും താൽപര്യത്തിനും വേണ്ടി പ്രവർത്തിക്കുന്ന മണ്ഡല പുനർനിർണയ കമ്മീഷൻ രൂപീകരിക്കാനുള്ള ശ്രമങ്ങളായിരുന്നു സർക്കാർ നടത്തിയിരുന്നത്.**

കമ്മീഷന്റെ ഇടപെടലുകൾ രാജ്യം കണ്ടതാണ്. ഇത്രയും ഗൗരവമേറിയ കാര്യം പ്രതിപക്ഷവുമായും സംസ്ഥാനങ്ങളുമായും ചർച്ച നടത്താതെ ഒരു സുപ്രഭാതത്തിൽ ബില്ല് അവതരിപ്പിക്കാനുള്ള ബിജെപി ശ്രമം കുതന്ത്രങ്ങളുടെ മാലപ്പടക്കത്തിലെ ഒരമിട്ടാണെന്നത് ആർക്കാണറിഞ്ഞ് കൂടാത്തത്!

**വനിതാസംവരണമെന്ന പുകമറ**

മണ്ഡല പുനർനിർണയ-വനിതാസംവരണ ബില്ല് ലോക്സഭയിൽ പരാജയപ്പെട്ടപ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോഡി രാജ്യത്തെ അഭിസംബോധന ചെയ്യത് തങ്ങളുടെ ഒളിയജണ്ടകൾ മറച്ചുവച്ചും വനിതകളോട് കൃത്രിമമായ സ്നേഹം പ്രകടിപ്പിച്ചുകൊണ്ടുമായിരുന്നു. പ്രധാനമന്ത്രിയുടെ വാക്കുകൾ ഇങ്ങനെയായിരുന്നു: "എല്ലാ അമ്മമാരോടും സഹോദരിമാരോടും ഞാൻ ക്ഷമ ചോദിക്കുന്നു. വനിതാ സംവരണ ഭേദഗതി ബില്ല് എങ്ങനെയാണ് പ്രതിപക്ഷം തടഞ്ഞുവെന്നത് രാജ്യം കണ്ടു. കോൺഗ്രസ്, ഡിഎംകെ, ടിഎംസി, എസ്.പി പാർട്ടികൾ സംവരണ ബില്ല് തടഞ്ഞത് ആഘോഷമാക്കുകയാണ്. വനിതാ സംവരണ ഭേദഗതി ബില്ല് പരാജയപ്പെട്ടപ്പോൾ പ്രതിപക്ഷം കയ്യടിച്ചു. പ്രതിപക്ഷത്തിന്റെ സ്വാർഥതയാണ് ബില്ല് പരാജയപ്പെടാൻ കാരണം. സ്ത്രീകളുടെ അഭിമാനത്തെയാണ് പ്രതിപക്ഷം തകർത്തത്. ഈ പ്രവൃത്തി സ്ത്രീകൾ പൊറുക്കുകയില്ല."

വനിതാ ശാക്തീകരണത്തിനും സുരക്ഷയ്ക്കും പ്രതിപക്ഷം ഭീഷണിയാണ് എന്നും അദ്ദേഹം ചേർത്ത് പറഞ്ഞു. യഥാർഥത്തിൽ നരേന്ദ്രമോഡിയുടെ ഭരണത്തിലെയും പാർട്ടിയിലെയും സ്ത്രീ സംവരണ കണക്ക് പരിശോധിച്ചാൽ തന്നെയും പ്രധാനമന്ത്രിയുടെ വാക്കുകൾ എത്രമാത്രം അപഹാസ്യമായിരുന്നുവെന്ന് നമുക്ക് മനസ്സിലാകും. തൃണമൂൽ കോൺഗ്രസ്സിലെ ലോക്സഭാംഗവും തീപ്പൊരിയുമായ ബഹുവ മൊയ്ത്ര ബിജെപിയുടെ സ്ത്രീപ്രാതിനിധ്യത്തിന്റ കണക്കുകൾ നിരത്തി അവരുടെ കാപട്യത്തെ തുറന്ന് കാണിക്കുന്നുണ്ട്.

- ബിജെപിയിലെ 240 എംപിമാരിൽ 31 പേർ മാത്രമെ സ്ത്രീകളായുള്ളൂ. കേവലം 12.90 ശതമാനം.
- കോൺഗ്രസ് 98ൽ 14 അഥവാ 14.30 ശതമാനം.
- തൃണമൂൽ കോൺഗ്രസിൽ 29 ൽ 11 അഥവാ 37.90 ശതമാനം.
- എസ്.പിയിൽ 37ൽ 5 അഥവാ 13.50 ശതമാനം.
- ഡിഎംകെയിൽ 22ൽ 3 അഥവാ 13.60 ശതമാനം.
- ജെഡിയുവിൽ 12ൽ 2 അഥവാ 16.70 ശതമാനം.
- എൽജെപിയിൽ 5ൽ 2 അഥവാ 40 ശതമാനം.

ലോക്സഭയിലെ സ്ത്രീ പ്രാതിനിധ്യത്തിൽ ഏറ്റവും പിറകിലാണ് ബിജെപിയുടെ സ്റ്റാറ്റസ് എന്നത് സ്ത്രീ സംവരണത്തിലെ കാപട്യം പച്ചയായി തുറന്ന് കാണിക്കപ്പെടുന്നുണ്ട്. ലോകത്ത് സ്ത്രീ സുരക്ഷയുടെയും ക്ഷേമത്തിന്റെയും കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം ആഗോള സൂചികയിൽ വളരെ പിന്നിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. വുമൺ പീസ് ആന്റ് സെക്യൂരിറ്റി ഇൻഡക്സി (WPS index)ന്റെ 2025ലെ റിപ്പോർട്ട് പ്രകാരം ആകെ 181 രാജ്യങ്ങളിൽ 131ാം സ്ഥാനത്താണ് ഇന്ത്യയുള്ളത്. 2023ൽ 128ാം സ്ഥാനത്തായിരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, നീതിയിലേക്കുള്ള പരിമിതമായ പ്രവേശനം തുടങ്ങിയ ഘടകങ്ങളാണ് ഇന്ത്യയുടെ റാങ്കിംഗ് താഴാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. 'നാരി 2025'ന്റെ ദേശീയ വാർഷിക റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ നഗരങ്ങളിൽ 40 ശതമാനവും സുരക്ഷിതരല്ല. എന്നാൽ സ്ത്രീസുരക്ഷക്കായി സർക്കാർ ഒരുക്കിയ വിവിധ സംവിധാനങ്ങളുണ്ട്. അവയൊന്നും കാര്യക്ഷമതയോടെ പ്രവർത്തിക്കാതിരിക്കുകയോ രാഷ്ട്രീയ ഇടപെടലുകളിൽ നിഷ്ക്രിയരാവുകയോ ചെയ്യുന്നുവെന്ന വിലയിരുത്തലും അതീവ ഗൗരവമുള്ള കാര്യമാണ്.

2023 മെയ് മാസത്തിൽ ആരംഭിച്ച മണിപ്പൂരിലെ സംഘർഷത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വലിയ തോതിൽ വർധിച്ചിട്ടുണ്ട്. മണിപ്പൂർ സ്റ്റേറ്റ് കമീഷൻ ഫോർ വിമൻ (MSCW) 2023ൽ മാത്രം സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 59 കേസുകളാണ് രജിസ്റ്റർ ചെയ്തത്. കലാപത്തിനിടയിൽ സ്ത്രീകളെ നഗ്നരായി നടത്തിച്ച സംഭവവും കൂട്ടബലാൽസംഗവും ഉൾപ്പെടെയുള്ള ക്രൂരമായ അക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ അഞ്ചോളം കേസുകൾ കൂടുതൽ അന്വേഷണങ്ങൾക്കായി സിബിഐക്ക് കൈമാറിയിട്ടുമുണ്ട്. 2024 നവംബർ വരെയുള്ള കണക്കുകൾ പ്രകാരം കലാപത്തിൽ ആകെ 258 പേർ കൊല്ലപ്പെടുകയും 60000ത്തിലധികം ആളുകൾക്ക് വീടുകൾ നഷ്ടപ്പെടുകയും ചെയ്തുവെന്നാണ്. ഇതിലെ വലിയൊരു വിഭാഗവും സ്ത്രീകളും കുട്ടികളുമാണെന്നതാണ് വസ്തുത. കഴിഞ്ഞ വർഷങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഉത്തർപ്രദേശ് ആണ് ഒന്നാമത്. 66,000ത്തിലധികം കേസുകളാണ് അവിടെ റിപ്പോർട്ട് ചെയ്തത്. മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിലുള്ളത്. രാജ്യത്ത് സ്ത്രീസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന അതിക്രമങ്ങളെയും പീഡനങ്ങളെയും പ്രതിരോധിക്കുന്നതിലും ഇല്ലായ്മ ചെയ്യുന്നതിലും സർക്കാർ തലങ്ങളിലെ ഇടപെടലുകൾ കൂടുതലും പരാജിതമാണ്. സ്ത്രീശാക്തീകരണവും സുരക്ഷയും വാക്കുകളിൽ മാത്രം പരിമിതപ്പെടുത്താതെ യാഥാർഥ്യമാക്കാനാണ് ഭരണകൂടങ്ങൾ ശ്രമിക്കേണ്ടത്. കേവലം അധികാരത്തിനു വേണ്ടി മാത്രമായി വാചോടാപങ്ങൾ നടത്തുന്നതിന് പകരം സാമൂഹിക യാഥാർഥ്യങ്ങളെ തിരിച്ചറിയാൻ അധികാരികൾക്ക് സാധിക്കണം.



**മണ്ഡല പുനർ നിർണയത്തിലെ രാഷ്ട്രീയം**

'ഇന്ത്യക്ക് ഇത് ഇരുളടഞ്ഞ നാളുകളാണ്. 2002ൽ ബാപ്പുവിന്റെ നാടായ ഗുജറാത്തിൽ നടന്ന കൂട്ടക്കൊലയും തുടർന്നുണ്ടായ നരേന്ദ്രമോഡിയുടെ തെരഞ്ഞെടുപ്പ് വിജയവും രാജ്യത്തെ നാശത്തിലേക്ക് നയിക്കും. ഹിന്ദു മതഭ്രാന്തന്മാരുടെ ഫാസിസ്റ്റ് അജണ്ട, ആധുനിക ചരിത്രത്തിലെ നമ്മുടെ ഇതുവരെയുള്ള അനുഭവങ്ങളിനിന്നും തികച്ചും വ്യത്യസ്തമാണ്. ഇന്ത്യ തകർച്ചയിലേക്ക് നീങ്ങുകയാണ്.

ഒരു മഹാത്ഭുതം നമ്മളെ രക്ഷിച്ചില്ല എങ്കിൽ രാജ്യം ഛിന്നഭിന്നമാകും. നമ്മെ തകർക്കുന്നത് പാക്കിസ്ഥാനോ മറ്റേതെങ്കിലും വിദേശ ശക്തിയോ ആയിരിക്കില്ല. നമ്മൾ സ്വയം തകരും; ജപ്പാൻ സമുറായിയുടെ ആചാരപരമായ 'ഹരാകിരി' പോലെ.'

'The End of India" എന്ന ഗ്രന്ഥത്തിൽ കുശ്വന്ത് സിംഗ് നമുക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് എഴുതിയ വരികളാണ് നാം വായിച്ചത്.

മതനിരപേക്ഷ രാഷ്ട്രമായ ഇന്ത്യയെ തകർക്കാൻ ഓരോ നിയമം പടച്ചുണ്ടാക്കുകയാണ് ഇന്ന്. പാർലമെന്റിൽ ഓരോ ബിൽ അവതരിപ്പിക്കുമ്പോഴും ഏതെങ്കിലും ഒരു സമുദായത്തെയോ സംസ്ഥാനത്തെയോ ഭാഷയെയോ സംസ്കാരത്തെയോ ടാർഗറ്റ് ചെയ്തുകൊണ്ടായിരിക്കും അത്; രാഷ്ട്രീയമായ അപചയം ഇന്ത്യ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ അടയാളം. കുശ്വന്ത് സിംഗ് വളരെ നേരത്തെ തന്നെ ഇത് തിരിച്ചറിഞ്ഞു എന്നത് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയാണ്. ഇന്ത്യൻ ഗവൺമെന്റ് പുതിയ ബില്ല് കൊണ്ടുവന്നതിലൂടെ അവർ ലക്ഷ്യമാക്കുന്ന രാഷ്ട്രീയം ഭിന്നിപ്പിന്റെയും വിഭാഗീയതയുടെയുമാണ്. ഉത്തരേന്ത്യ, ദക്ഷിണേന്ത്യ എന്നിങ്ങനെ വിഭജിച്ചുകൊണ്ട് എല്ലാ കാലത്തും രാജ്യത്തിന്റെ അധികാരം പിടിച്ചടക്കാമെന്ന വ്യാമോഹമാണ് പുതിയ മണ്ഡല പുനർനിർണയ ബില്ലിലൂടെ അവർ ലക്ഷ്യമാക്കുന്നത്. വിഭാഗീയതയുടെ രാഷ്ട്രീയവും ന്യൂനപക്ഷങ്ങളുടെ അപരവൽക്കരണവുമെല്ലാം ഈ ലക്ഷ്യങ്ങളിൽ ഉൾപ്പെടും. ഏറ്റവും വലിയ ന്യൂനപക്ഷമായ

**ഉത്തരേന്ത്യ, ദക്ഷിണേന്ത്യ എന്നിങ്ങനെ വിഭജിച്ചുകൊണ്ട് എല്ലാ കാലത്തും രാജ്യത്തിന്റെ അധികാരം പിടിച്ചടക്കാമെന്ന വ്യാമോഹമാണ് പുതിയ മണ്ഡല പുനർനിർണയ ബില്ലിലൂടെ അവർ ലക്ഷ്യമാക്കുന്നത്. വിഭാഗീയതയുടെ രാഷ്ട്രീയവും ന്യൂനപക്ഷങ്ങളുടെ അപരവൽക്കരണവുമെല്ലാം ഈ ലക്ഷ്യങ്ങളിൽ ഉൾപ്പെടും. ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തെ അരികുവൽക്കരിക്കാൻ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.**

മുസ്‌ലിം സമുദായത്തെ അരികുവൽക്കരിക്കാൻ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. റോഹിംഗ്യൻ മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ ബർമയിൽ ആസൂത്രണം ചെയ്തതുപോലെയുള്ള കാര്യങ്ങൾ ഇന്ത്യൻ മുസ്‌ലിംകൾക്കെതിരെ ചെയ്യാൻ സാധ്യമല്ല എന്ന് മനസ്സിലാക്കി രാജ്യത്തെ ഉദ്യോഗതലങ്ങളിൽനിന്നും ഭരണതലങ്ങളിൽനിന്നും അദൃശ്യരാക്കുക എന്നതാണ് ഇന്ത്യൻ ഫാസിസത്തിന്റെ ഹിഡൻ അജണ്ട. അതിനായി കരുക്കൾ നീക്കുന്നതിന്റെ ഭാഗമാണ് എസ്ഐആർ പട്ടികയിലെ കോടിക്കണക്കിന് പൗരന്മാരുടെ പേരുകൾ അദൃശ്യമായത്.

### പുനർനിർണയത്തിലെ സാമുദായിക ധ്രുവീകരണം

2014ൽ 282 സീറ്റുകളോടുകൂടി അതുവരെയുള്ള തങ്ങളുടെ ഏറ്റവും ഉയർന്ന എണ്ണത്തിൽ ബിജെപി എത്തിയപ്പോൾ മുസ്‌ലിം പ്രാതിനിധ്യം 22 ആയി കുറഞ്ഞു. ഭരണരംഗത്തു നിന്ന് അദൃശ്യരാക്കപ്പെടുന്ന മുസ്‌ലിം ന്യൂനപക്ഷത്തെ കുറിച്ച് മുതിർന്ന മാധ്യമ പ്രവർത്തകൻ ഹരീഷ് ഖാരെ 'ദി വയറി'ൽ ഇങ്ങനെ എഴുതി: "രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനത്തുനിന്നും മുസ്‌ലിം പ്രാതിനിധ്യം പൂർണമായും തുടച്ചു മാറ്റിയപ്പോൾ അഞ്ചു വർഷത്തിനു ശേഷവും മുസ്‌ലിം നേതൃത്വമോ മതനിരപേക്ഷ ഗ്രൂപ്പുകളോ അതിനെക്കുറിച്ച് സംസാരിക്കുവാൻ തയ്യാറായില്ല എന്നത് ഞെട്ടിക്കുന്നതാണ്. അതേസമയം, രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷത്തിന്, വലിയ സൗജന്യങ്ങൾ നൽകുന്നതുപോയിട്ട്, അവരോട് പ്രതീകാത്മകമായ ചില സമീപനങ്ങളെങ്കിലും സ്വീകരിക്കാതെ തങ്ങൾക്ക് ദേശീയ അധികാരം നേടാൻ കഴിയും എന്ന ഉറച്ച ആത്മവിശ്വാസത്തിൽ എത്തിച്ചേർന്നു ബിജെപി. യുപിയിലെ 80 സീറ്റിൽ 73ലും ബിജെപി നേടിയ വിജയമാണ് ആത്യന്തികമായി നരേന്ദ്രമോദിയെ സ്വേഛാധിപത്യത്തിന്റ

ഉയരങ്ങളിലേക്കെത്തിച്ചത്.”

ഗുജറാത്തിലേത് പോലെത്തന്നെ മുസ്‌ലിം പാർശ്വവൽക്കരണം ഉത്തർപ്രദേശിലും ഭംഗിയായി നടന്നു കഴിഞ്ഞിരുന്നു. കഴിഞ്ഞ കാലങ്ങളിലെ മണ്ഡല പുനർനിർണയങ്ങളിലും ന്യൂനപക്ഷ അദൃശ്യവൽക്കരണം ഭംഗിയായി നടന്നു. മുസ്‌ലിം സമുദായത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കാനും പിന്നാക്കാവസ്ഥ പരിഹരിക്കാനും നിയോഗിച്ച സച്ചാർ കമ്മീഷന്റെ ശുപാർശയെ തുടർന്ന് മുസ്‌ലിം ജനസംഖ്യ കൂടുതലുള്ളതും പട്ടികജാതി ജനസംഖ്യ കുറവുള്ളതും അതേസമയം തന്നെ പട്ടികജാതിക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതുമായ നിയോജകമണ്ഡലങ്ങളെക്കുറിച്ച് ‘സകാത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ’ ഒരു പഠനം നടത്തുകയുണ്ടായി. അത്തരം ഒരു മണ്ഡലത്തിൽനിന്നും ജയിച്ചുകയറാം എന്ന ചെറിയ പ്രതീക്ഷയെങ്കിലും ഏതെങ്കിലും മുസ്‌ലിം സ്ഥാനാർഥി വെച്ച് പുലർത്തിയിരുന്നുവെങ്കിൽ ഈ നടപടിയോടെ പ്രതീക്ഷ പൂർണമായും അസ്തമിച്ചു. സച്ചാർ സമിതി പറയുന്നത് ഇങ്ങനെയാണ്: ‘മണ്ഡല പുനർനിർണയ കമ്മീഷൻ പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള മണ്ഡലങ്ങളിലെ കണക്കുകൾ കാണിക്കുന്നത്...മിക്കവാറും എല്ലാ മണ്ഡലങ്ങളിലും മുസ്‌ലിംകൾ കൂടുതലായി; പലയിടങ്ങളിലും 50 ശതമാനത്തിൽ കൂടുതൽ- താമസിക്കുന്നുവെന്നും മണ്ഡലത്തിലെ ആകെ ജനസംഖ്യയിൽ അവരുടെ അനുപാതം പട്ടികജാതി വിഭാഗങ്ങളുടെ അനുപാതത്തെക്കാൾ ഉയർന്നതാണ്.”

സച്ചാർ സമിതിയിലെ അംഗമായി പ്രവർത്തിച്ചിരുന്ന ഡോ. സെയ്ദ് സഫർ മഹ്മൂദും പുനർനിർണയ സെല്ലിൽനിന്നുള്ള അദ്ദേഹത്തിന്റ സംഘവും ചേർന്ന് വിവിധ

**രാജ്യത്ത് സ്ത്രീസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന അതിക്രമങ്ങളെയും പീഡനങ്ങളെയും പ്രതിരോധിക്കുന്നതിലും ഇല്ലായ്മ ചെയ്യുന്നതിലും സർക്കാർ തലങ്ങളിലെ ഇടപെടലുകൾ കൂടുതലും പരാജിതമാണ്. സ്ത്രീശാക്തീകരണവും സുരക്ഷയും വാക്കുകളിൽ മാത്രം പരിമിതപ്പെടുത്താതെ യാഥാർഥ്യമാക്കാനാണ് ഭരണകൂടങ്ങൾ ശ്രമിക്കേണ്ടത്. കേവലം അധികാരത്തിനു വേണ്ടി മാത്രമായി വാചോടാപങ്ങൾ നടത്തുന്നതിന് പകരം സാമൂഹിക യാഥാർഥ്യങ്ങളെ തിരിച്ചറിയാൻ അധികാരികൾക്ക് സാധിക്കണം**




രാഷ്ട്രീയ പാർട്ടി നേതൃത്വത്തോട് ഇക്കാര്യം ആവർത്തിച്ച് ബോധ്യപ്പെടുത്തിയിരുന്നു. സച്ചാർ കമ്മീഷൻ ചൂണ്ടികാണിച്ചതും അവരുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി: “മുസ്‌ലിംകളുടെ കുറഞ്ഞ രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ പ്രധാന കാരണം നിയോജക മണ്ഡലങ്ങളും വാർഡുകളും പട്ടികജാതി വിഭാഗത്തിന്റെ സംവരണത്തിനു വേണ്ടി നിയമവിരുദ്ധമായി നീക്കിവെക്കുന്നതാണ് എന്നത് ജസ്റ്റിസ് സച്ചാർ കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതുകൊണ്ട് ഉയർന്ന ന്യൂനപക്ഷ ജനസം

ഖ്യയുള്ള മണ്ഡലങ്ങൾ പട്ടികജാതി വിഭാഗത്തിന് വേണ്ടി സംവരണം ചെയ്യാൻ കഴിയാത്ത തരത്തിലുള്ള ഒരു മണ്ഡല പുണർനിർണയ പ്രക്രിയ നിലവിൽ വരുത്തേണ്ടതാണ് എന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

അസമിലെ കരിംഗഞ്ച് ലോക്സഭാ മണ്ഡലത്തിൽ 52% മുസ്‌ലിംകളും 13% പട്ടികജാതി വിഭാഗവുമുണ്ട്. എന്നാൽ ആ മണ്ഡലം പട്ടികജാതിക്കായി സംവരണം ചെയ്തിരിക്കുകയാണ്. ഉത്തർപ്രദേശിലെ നഗീന, ബഹ്‌റയ്ച് തുടങ്ങിയ മണ്ഡലങ്ങളിൽ ഇത് ആവർത്തിക്കുന്നുണ്ട്. ബഹ്‌റയ്ച് നിയമസഭാ മണ്ഡലം സംവരണ മണ്ഡലമാണെങ്കിലും അവിടുത്തെ പട്ടികജാതി ജനസംഖ്യ 16 ശതമാനവും മുസ്‌ലിം ജനസംഖ്യ 35 ശതമാനവുമാണ്. എന്നാൽ റായ്ബറേലിയിൽ സ്ഥിതി വ്യത്യസ്തമാണ്. അവിടെ ജനസംഖ്യയുടെ 30 ശതമാനവും പട്ടികജാതി ആണെങ്കിലും നിയോജക മണ്ഡലം പൊതുവിഭാഗത്തിൽ ഉൾപ്പടുത്തിയിരിക്കുന്നതായി കാണാം. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രാതിനിധ്യം കുറക്കുന്നതിൽ മണ്ഡല പുനർനിർണയം എങ്ങനെ ദുരുപയോഗം ചെയ്തുവെന്നതിന് വേറേയും ഉദാഹരണങ്ങളുണ്ട്.

ഉത്തർപ്രദേശിലെ നാഗിന ലോകസഭാ മണ്ഡലത്തിൽ 42.21% മുസ്‌ലിംകളും 22 %പട്ടികജാതിക്കാരുമാണ്. എന്നാൽ ആ മണ്ഡലം പട്ടികജാതിക്ക് വേണ്ടി സംവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. ധൗരഹ്റ, ഉന്നാവ് എന്നീ മണ്ഡലങ്ങളിൽ 30%ത്തിലധികം പട്ടികജാതി സാന്നിധ്യവും വളരെ കുറഞ്ഞ മുസ്‌ലിം

> **എഫ്‌സിആർഎ നിയമ ഭേദഗതിയും രാജ്യത്തെ സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്തെ ധാരാളം എൻജിഒകളും പ്രതിസന്ധിയിലായത് നാം കണ്ടു. ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തിനെതിരെയുള്ള നിയമനിർമാണങ്ങൾക്കെതിരെ നിസ്സംഗത പാലിച്ചവരും സംഘ് രാഷ്ട്രീയത്തിന് ഓശാന പാടിയവരും എഫ്‌സിആർഎ ഭേദഗതിക്കെതിരെ ഉറഞ്ഞ് തുള്ളുകയാണ്. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരോഗ്യശുശ്രൂഷാ മേഖലകൾ, അനാഥ വിധവാ പരിചരണങ്ങൾ തുടങ്ങിയ ധാരാളം നിരാലംബരെ പോലും ബാധിക്കുന്ന ഈ ബില്ലിനെതിരെ ശബ്ദിക്കണമെന്ന് ചിലർക്ക് തോന്നിയതും തങ്ങളുടെ ജീവനാഡിയിൽ കൈ വെച്ചുവെന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ്.**

സാന്നിധ്യവുമാണുള്ളത്. എന്നാൽ ആ മണ്ഡലങ്ങളാവട്ടെ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ടിട്ടില്ല. ചൈൽ, മഹോലി, മണിക്പൂർ, സിരാഥു, ഹർചന്ദ്പുർ, ഹർദോയി, പൂർവ,മരിഹാൻ, ബക്ഷികാ താലാബ് തുടങ്ങിയ നിയമസഭാ മണ്ഡലങ്ങളുടെ അവസ്ഥയും വ്യത്യസ്തമല്ല.

2022 അവസാനത്തോടുകൂടി അസമിന്റ സമ്മതിദായക പട്ടിക പുതുക്കുന്ന പ്രക്രിയയിൽ പ്രതീക്ഷിച്ചത് പോലെത്തന്നെ മുസ്‌ലിം സ്വാധീനമുള്ള സീറ്റുകളുടെ എണ്ണം കുറഞ്ഞു. ഇത് അനീതിയാണെന്ന് പ്രതിപക്ഷം പറഞ്ഞു. ദി ഹിന്ദു റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്: "അസമിൽ മുസ്‌ലിം ഭൂരിപക്ഷ മണ്ഡലങ്ങളുടെ എണ്ണം കുറയും. തിരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ കരട് നിർദേശത്തിൽ ഫലപ്രദമായിട്ട് തന്നെ മുസ്‌ലിം ഭൂരിപക്ഷം നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 29ൽനിന്ന് 22 ആയി കുറച്ചുവെന്ന് എഐ ഡിയുഎഫും കോൺഗ്രസും ആരോപിക്കുന്നുണ്ട്. '2022 ഡിസംബറിലെ മണ്ഡല പുനർനിർണയത്തിൽ അസമിലെ 35 ജില്ലകൾ 31 ആയി കുറച്ചു. നാലുജില്ലകൾ മറ്റു ജില്ലകളിൽ ലയിപ്പിക്കുകയും 14 ഇടങ്ങളിൽ അതിർത്തികൾ പുനർനിർണയിക്കുകയും ചെയ്തു. മറ്റു ജില്ലകളുമായി ലയിപ്പിച്ച ബജലി, ബിശ്വനാഥ്, ഹോജായ് എന്നീ മൂന്ന് ജില്ലകളിൽ മുസ്‌ലിം ജനസംഖ്യ വലിയ അളവിൽ കൂടുതലായിരുന്നു. എന്നാൽ ലയനാനന്തരം പുതിയതായി രൂപീകരിക്കപ്പെട്ട ജില്ലകളിലെ മുസ്‌ലിം ജനസംഖ്യയുടെ അനുപാതത്തിൽ മാറ്റം വരുകയും പുനർനിർണയിക്കപ്പെട്ട അതിർത്തികൾ പരിഗണിക്കേണ്ടിവന്നത് മൂലം

തെരഞ്ഞെടുപ്പ് കമ്മീഷന്റെ മണ്ഡലം പുനർനിർണയ പ്രക്രിയയെ സ്വാധീനിക്കുകയും ചെയ്തു. മുസ്‌ലിം വോട്ടുകൾ ചിതറിക്കാനോ ചേരിവൽക്കരിക്കാനോ ഉള്ള ബോധപൂർവമായ ശ്രമം നടന്നിട്ടുണ്ട് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാനാകും. പിന്നീട് ഭരണപരമായ സൗകര്യം മാനിച്ച് ഒഴിവാക്കിയ 4 ജില്ലകളും പുനഃസ്ഥാപിക്കുകയും ചെയ്തു.

**ഭേദഗതി ബില്ലുകൾ സർവരെയും ബാധിക്കും**

സമീപകാലത്ത് ബിജെപി സർക്കാർ കൊണ്ടുവന്ന പ്രധാന ഭേദഗതി ബില്ലുകൾ സർവരെയും പ്രതികൂലമായി ബാധിക്കുന്നതാണ് എന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് മണ്ഡല പുനർനിർണയ ബില്ല്.

2019ലെ പൗരത്വ ഭേദഗതി ബില്ല് ഒരു സമുദായത്തെ മാത്രം ബാധിക്കുന്നതാണെന്ന ധാരണയിൽ നിസംഗരായിരുന്ന പലർക്കും പുനർവിചിന്തനത്തിനുള്ള അവസരമാണിത്. കോടിക്കണക്കിന് വരുന്ന ഇന്ത്യക്കാരുടെ പൗരത്വം നിഷേധിക്കുന്ന നടപടി ഇന്ത്യയുടെ ബഹുസ്വരതയെയും സാമൂഹിക ഘടനയെയും സാരമായി ബാധിക്കുമെന്നതിൽ തർക്കമില്ല. ഒരു ജനവിഭാഗം നിഷ്കാസിതരാകുന്നത് പ്രതീക്ഷയോടെ കാത്തിരുന്നവർക്ക് നേരെ പുതിയ ബില്ലുകൾ ഡമോക്ലസിന്റ വാളായി തൂങ്ങിനിൽക്കുന്നുണ്ട്. ദക്ഷിണേന്ത്യയെ നോക്കുകുത്തിയാക്കി രാജ്യം ഭരിക്കാമെന്ന ബിജെപിയുടെ വ്യാമോഹം ജാതിമതവർഗങ്ങൾക്കതീതമായി ഓരോ പൗരന്റെയും ജനാധിപത്യാവകാശങ്ങളെ ഹനിക്കുന്നതാണ്.



എഫ്സിആർഎ നിയമ ഭേദഗതിയും രാജ്യത്തെ സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്തെ ധാരാളം എൻജിഒകളും പ്രതിസന്ധിയിലായത് നാം കണ്ടു. ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തിനെതിരെയുള്ള നിയമനിർമാണങ്ങൾക്കെതിരെ നിസ്സംഗത പാലിച്ചവരും സംഘ് രാഷ്ട്രീയത്തിന് ഓശാന പാടിയവരും എഫ്സിആർഎ ഭേദഗതിക്കെതിരെ ഉറഞ്ഞ് തുള്ളുകയാണ്. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ ശുശ്രൂഷാ മേഖലകൾ, അനാഥ -വിധവാ പരിചരണങ്ങൾ തുടങ്ങിയ, ധാരാളം നിരാലംബരെ പോലും ബാധിക്കുന്ന ഈ ബില്ലിനെതിരെ ശബ്ദിക്കണമെന്ന് ചിലർക്ക് തോന്നിയതും തങ്ങളുടെ ജീവനാഡിയിൽ കൈ വെച്ചുവെന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ്.

ബുൾഡോസർ രാജിലും പിടയുന്ന അനേകായിരങ്ങളുണ്ട്. ഉപജീവനമാർഗങ്ങളും കിടപ്പാടങ്ങളും നഷ്ടപ്പെട്ടവരുടെ ആർത്തനാദങ്ങൾക്ക് ഒരേ സ്വരമാണ്. അവരുടെ കണ്ണുനീരിന്റ രുചിയും ഒന്നുതന്നെയാണ്. അതിനാൽ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ കാര്യങ്ങൾക്ക് നേരെ അവകാശ ധ്വംസനവുമായി കൊണ്ടുവരുന്ന ബില്ലുകൾക്കെതിരെ സമൂഹം ഒറ്റക്കെട്ടായി രംഗത്തിറങ്ങണം. സംഘപരിവാര ഫാഷിസ്റ്റ് കരിനിയമങ്ങളെ തകർത്തെറിയാൻ ഐക്യബലത്തിന് സാധിക്കും. അതാണ് പാർലമെന്റിൽ പുതിയ ബില്ലിനെ പരാജയപ്പെടുത്തിയ ഐക്യത്തിന്റെ ബലം. ഒരുമിച്ച് മുന്നേറാം നല്ല ഭാവിക്കായി. ■

ലേഖനം



# ജനാധിപത്യം നേരിടുന്ന ആൾദൈവ ഭീഷണി

ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

മഹാരാഷ്ട്രയിലെ നാസിക്കിൽനിന്ന് പുറത്തുവന്ന അശോക് ഖാരത്ത് എന്ന 'ഹൈടെക്' ആൾദൈവ ത്തിന്റെ ക്രൂരകൃത്യങ്ങൾ കേവലം ഒറ്റപ്പെട്ട ഒരു ക്രിമിനൽ കേസല്ല. മറിച്ച്, അത് ആധുനിക ഇന്ത്യയുടെ ആത്മാവിൽ പടർന്നുകയറിയ അന്ധവിശ്വാസത്തിന്റെ അർബുദമാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും ലോകത്തെ മാറ്റിമറിക്കുമ്പോഴും, 'യോനി ശുദ്ധീകരണം' എന്ന പേരിൽ നൂറുകണക്കിന് സ്ത്രീകളെ പീഡിപ്പിക്കാൻ ഒരാൾക്ക് ധൈര്യം ലഭിക്കുന്നത് നമ്മുടെ സമൂഹത്തിന്റെ യുക്തിബോധം അത്രമേൽ തകർക്കപ്പെട്ടതുകൊണ്ടാണ്. സംഘപരിവാർ രാഷ്ട്രീയത്തിന്റെ തണലിൽ ആത്മീയതയും തീവ്രദേശീയതയും കൂട്ടിയിണക്കപ്പെട്ട ഒരു കാലഘട്ടത്തിൽ, ഇത്തരം ആൾദൈവങ്ങൾ ഭരണകൂടത്തിന്റെ അനൗദ്യോഗിക വക്താക്കളായി മാറിയിരിക്കുന്നു എന്നതാണ് ഏറ്റവും ഭയാനകമായ വാസ്തവം.

സംഘപരിവാർ രാഷ്ട്രീയത്തിന്റെ വളർച്ചാഘട്ടങ്ങളിൽ എന്നും ആൾദൈവങ്ങൾ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. വിശ്വാസത്തെ വോട്ടാക്കി മാറ്റുന്ന തന്ത്രത്തിൽ മതപുരോഹിതന്മാരെക്കാൾ സ്വാധീനം ചെലുത്താൻ ഇത്തരം ആൾദൈവങ്ങൾക്ക് കഴിയുന്നു. ഭക്തിയെ യുക്തിരഹിതമായ വിധേയത്വമായി മാറ്റുന്നതിലൂടെ ഒരു വലിയ വിഭാഗം ജനങ്ങളെ രാഷ്ട്രീയമായി നിയന്ത്രിക്കാൻ ഇവർക്ക് സാധിക്കുന്നു. അശോക് ഖാരത്തിന്റെ വസതികളിലും ക്ഷേത്രങ്ങളിലും ഉന്നത രാഷ്ട്രീയ നേതാക്കൾ സന്ദർശനം നടത്തുന്നതും വനിതാ കമ്മീഷൻ അധ്യക്ഷയെപ്പോലുള്ളവർ ഇയാളുടെ പാദപൂജ നടത്തുന്നതും ഈ അവിശുദ്ധ കൂട്ടുകെട്ടിന്റെ പരസ്യമായ തെളിവുകളാണ്. ഭരണകൂടം ഇത്തരം വ്യക്തികൾക്ക് നൽകുന്ന അമിതമായ പ്രാധാന്യവും പരിരക്ഷയും അവരെ നിയമത്തിന് മുകളിലാണെന്ന് വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു.

ഇന്ന് ഇന്ത്യയിൽ വളർന്നുവരുന്ന ആൾദൈവങ്ങൾ പഴയകാലത്തെപ്പോലെ ഗുഹകളിൽ വസിക്കുന്നവരല്ല. അവർ കോടികൾ വിലമതിക്കുന്ന ബി.എം.ഡബ്ല്യു കാറുകളിൽ സഞ്ചരിക്കുകയും, ആഡംബര വില്ലകളിൽ വസിക്കുകയും, വിദേശ സെർവറുകളിൽ വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്ന 'ന്യൂജെൻ' ക്രിമിനലുകളാണ്. അശോക് ഖാരത്തിന്റെ പക്കൽനിന്ന് കണ്ടെടുത്ത 58 അശ്ലീല വീഡിയോകളും അയ്യായിരത്തോളം ഇന്റർനെറ്റ് ലിങ്കുകളും സൂചിപ്പിക്കുന്നത് ഇവർ സാങ്കേതികവിദ്യയെ ദുരുപയോഗം ചെയ്യുന്നതിൽ എത്രത്തോളം വിദഗ്ധ

രാണെന്നാണ്.

മർച്ചന്റ് നേവിയിലെ ക്യാപ്റ്റൻ എന്ന വ്യാജ പരിവേഷം നൽകി ഇംഗ്ലീഷിലും മറാത്തിയിലും തടസ്സമില്ലാതെ സംസാരിച്ച ഖാരത്ത്, സമൂഹത്തിലെ ഉന്നതരായ സ്ത്രീകളെയാണ് പ്രധാനമായും ലക്ഷ്യം വെച്ചത്. ഐ.പി.എസ് ഉദ്യോഗസ്ഥരും കേന്ദ്ര സർക്കാരിലെ ഉന്നതരും ഇയാളുടെ വലയിൽ വീണത് സൂചിപ്പിക്കുന്നത്, ബുദ്ധിജീവികൾക്കിടയിലെ അരക്ഷിതബോധം എത്രത്തോളം ആഴത്തിലുള്ളതാ ണെന്നാണ്.

ഇന്ത്യൻ മധ്യവർഗത്തിന്റെയും ഉപരിവർഗത്തിന്റെയും ഇടയിൽ പടരുന്ന 'ആത്മീയ വ്യാവസായം' ഇന്ന് കോടിക്കണക്കിന് രൂപയുടെ വിറ്റുവരവുള്ള മേഖലയാണ്. ഈ പണമൊഴുക്ക് നിയന്ത്രിക്കാനും ഇത്തരം തട്ടിപ്പുകാരെ പൂട്ടാനും എന്ന പേരിൽ ഭരണകൂടം കൊണ്ടുവരുന്ന പുതിയ 'ഫോറിൻ കറൻസി റെഗുലേഷൻ ആക്ട്' (FCRA) ഭേദഗതികൾ യഥാർഥത്തിൽ ഇരട്ടത്താപ്പാണ്.

വിദേശത്തുനിന്ന് വരുന്ന ഫണ്ട് ആർക്കൊക്കെ ലഭിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ഭരണകൂടം കൈക്കലാക്കുമ്പോൾ, തങ്ങൾക്ക് വഴങ്ങുന്ന ആൾദൈവങ്ങളുടെ സാമ്രാജ്യങ്ങളെ അവർ സംരക്ഷിക്കുകയും വിമർശനാത്മകമായി ചിന്തിക്കുന്ന സന്നദ്ധ സംഘടനകളെ വേട്ടയാടുകയും ചെയ്യുന്നു. ഖാരത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിലൂടെ നടന്ന കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ അന്വേഷണ ഏജൻസികൾ കാണാതെ പോയത് അയാൾക്ക് ലഭിച്ച രാഷ്ട്രീയ സംരക്ഷണത്തിന്റെ ഫല മാണ്.

'ബുദ്ധിരാക്ഷസന്മാർ' എന്ന് സ്വയം വിശേഷിപ്പിക്കുന്നവർക്കിടയിൽ പോലും നരബലിയും ദുർമന്ത്ര വാദവും വേരുപിടിക്കുന്നത് കാണുമ്പോൾ നടുക്കം തോന്നും. പത്താം ക്ലാസിൽ പരാജയപ്പെട്ട ഖാരത്തിന് മുന്നിൽ സർവകലാശാലാ ബിരുദധാരികൾ പോലും വിനീത വിധേയരായി നിൽക്കുന്നത് അവരുടെയു ള്ളിലെ യുക്തിരഹിതമായ ഭയത്തെ ചൂഷണം ചെയ്യാൻ ഖാരത്തിന് കഴിഞ്ഞതുകൊണ്ടാണ്. നരബലി യുമായി ബന്ധപ്പെട്ട സംശയങ്ങൾ ഖാരത്തിന്റെ കേസിൽ ഉയരുന്നത് വെറുതെയല്ല.

തന്റെ ശക്തി തെളിയിക്കാനായി പാവപ്പെട്ടവരെയും ഗർഭിണികളെയും ബലികൊടുക്കാൻ പോലും മടിക്കാത്ത മാനസികാവസ്ഥയിലേക്ക് ഇത്തരം ആൾദൈവങ്ങൾ എത്തിച്ചേരുന്നു. കേരളത്തിൽ നടന്ന ഇലന്തൂർ നരബലി കേസ് ഇതിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമാണ്. വിദ്യാഭ്യാസം എന്നത് കേവലം തൊഴിൽ നേടാനുള്ള ഉപാധിയായി മാറിയതും ശാസ്ത്രബോധവും ധാർമിക ചിന്തയും വളർത്തുന്നതിൽ നമ്മുടെ പാഠ്യപദ്ധതികൾ പരാജയപ്പെട്ടതുമാണ് ഇതിന് കാരണം. ആൾദൈവങ്ങളുടെ തകർച്ചയും വളർച്ചയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഒരു ഖാരത്ത് പിടിക്കപ്പെടുമ്പോൾ, അതേ രാഷ്ട്രീയ തണലിൽ മറ്റൊരു ഖാരത്ത് ഉദിച്ചുയരുന്നുണ്ടാകും. ഇവർക്ക് ലഭി ക്കുന്ന മാധ്യമ ശ്രദ്ധയും സിനിമ താരങ്ങളെപ്പോലെയുള്ള സ്വീകാര്യതയും യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നു.

മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തും എന്ന പേരിൽ ഇത്തരം തട്ടിപ്പുകൾക്കെതിരെ സംസാരിക്കുന്നവരെ നിശ്ശബ്ദമാക്കുന്ന പ്രവണതയും രാജ്യത്ത് വർധിച്ചുവരുന്നു. അന്ധവിശ്വാസ നിർമാർജന നിയമങ്ങൾ രാജ്യവ്യാപകമായി ശക്തമായി നടപ്പിലാക്കേണ്ടതുണ്ട്. മഹാരാഷ്ട്രയിലെ നിയമത്തിന് ഖാരത്തിനെ തടയാൻ കഴിഞ്ഞില്ലെങ്കിൽ, നിയമത്തെക്കാൾ ശക്തമായത് അവിടുത്തെ രാഷ്ട്രീയ-ഉദ്യോഗസ്ഥ അച്ചുതണ്ടാണെന്ന് വ്യക്തം.

ഈ സാമൂഹിക വിപത്തിനെ പ്രതിരോധിക്കാൻ ജനകീയമായ ഉണർവ് അനിവാര്യമാണ്. വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ള നേർത്ത വര തിരിച്ചറിയാൻ വിശ്വാസികൾക്ക് കഴിയണം. അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് അവകാശപ്പെടുന്ന ഏതൊരാളും ഒരു ക്രിമിനലോ അല്ലെങ്കിൽ മനോരോഗിയോ ആണെന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം.

മയക്കുമരുന്നും ഹിപ്നോട്ടിസവും ഉപയോഗിച്ച് സ്ത്രീകളെ തടവിലാക്കുന്ന ഇത്തരം 'ദിവ്യന്മാരെ' ആത്മീയ നേതാക്കളായി കാണുന്ന മനോഭാവം മാറണം. രാഷ്ട്രീയ പാർട്ടികൾ ഇത്തരം ആൾദൈവങ്ങളുടെ പണവും വോട്ടും വേണ്ടെന്ന് വെക്കാൻ തയ്യാറാകണം. അല്ലാത്തപക്ഷം, ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെ ഈ ആൾദൈവങ്ങളും അവർക്ക് ചുറ്റുമുള്ള 'ബുദ്ധിരാക്ഷസന്മാരും' ചേർന്ന് നരബലി നൽകുന്ന കാലം വിദൂരമല്ല.

ഓരോ പൗരനും ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുമ്പോൾ ആൾദൈവങ്ങളുടെ തടവറകൾ തകരും. അശോക് ഖാരത്തുമാർ ജയിലഴികൾക്കുള്ളിലാകുമ്പോൾ മാത്രമല്ല, അവരെ സൃഷ്ടിക്കുന്ന സാമൂഹിക സാഹചര്യങ്ങൾ ഇല്ലാതാകുമ്പോൾ മാത്രമെ ഇത്തരം ചൂഷണങ്ങൾക്ക് അറുതിയാവുകയുള്ളൂ.



ക്വുർആനിലെ
സാർവലൗകിക
വിളികൾ
14

# വിശുദ്ധ ക്വുർആൻ; വിജയത്തിലേക്കുള്ള വഴി

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്കത്ത്
: 00968-98242217

മനുഷ്യന്റെ ബുദ്ധിക്ക് കണ്ടെത്താൻ കഴിയാത്ത കാര്യങ്ങളിൽ അവന് കൃത്യമായ തെളിവ് നൽകുകയാണ് ക്വുർആൻ ചെയ്യുന്നത്. സൂറ തുന്നിസാഇലെ 174, 175 വചനങ്ങളിൽ അല്ലാഹു രണ്ട് സുപ്രധാനമായ പദങ്ങളിലൂടെ ക്വുർആനിനെ പരിചയപ്പെടുത്തുകയും അത് സ്വീകരിക്കുന്നവർക്കുള്ള മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

മനുഷ്യന്റെ ചിന്തകൾക്കും അറിവിനും പരിമിതികളുണ്ട്. മരണാനന്തര ജീവിതം, ആത്മാവിന്റെ രഹസ്യം, പ്രപഞ്ച സൃഷ്ടിപ്പിന് പിന്നിലെ കൃത്യമായ ലക്ഷ്യം തുടങ്ങിയവ കേവലം ഊഹങ്ങൾ കൊണ്ട് കണ്ടെത്താനാവില്ല. അവിടെയാണ് സ്രഷ്ടാവിന്റെ ഭാഗത്തുനിന്നുള്ള കൃത്യമായ മാർഗനിർദേശം ആവശ്യമായി വരുന്നത്. ആ വിടവ് നികത്തുന്ന പൂർണമായ ജീവിതരേഖയാണ് വിശുദ്ധ ക്വുർആൻ.

**നമ്മുടെ ജീവിതത്തിൽ പലപ്പോഴും ശരിയേത്, തെറ്റേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. സ്വന്തം താൽപര്യങ്ങളും സമൂഹത്തിന്റെ സമ്മർദങ്ങളും നമ്മെ വഴിതെറ്റിച്ചേക്കാം. അത്തരം ഘട്ടങ്ങളിൽ ജീവിതപാതയിലെ കുഴികളും കല്ലുകളും കാണിച്ചുതന്ന് സുരക്ഷിതമായി മുന്നോട്ട് നയിക്കുന്ന പ്രകാശമാണ് ഈ വേദഗ്രന്ഥം. ഈ വെളിച്ചം കൂടെയുള്ളവൻ ഒന്നിനെയും ഭയപ്പെടേണ്ടതില്ല.**

يَا أَيُّهَا النَّاسُ قَدْ جَاءَكُم بُرْهَانٌ مِّن رَّبِّكُمْ وَأَنزَلْنَا إِلَيْكُمْ نُورًا مُّبِينًا ﴿١٧٤﴾ فَأَمَّا الَّذِينَ آمَنُوا بِاللَّهِ وَاعْتَصَمُوا بِهِ فَسَيُدْخِلُهُمْ فِي رَحْمَةٍ مِّنْهُ وَفَضْلٍ وَيَهْدِيهِمْ إِلَيْهِ صِرَاطًا مُّسْتَقِيمًا ﴿١٧٥﴾

"ഹേ, മനുഷ്യരേ! നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു. അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്യുന്നുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്" (4:174,175).

**ബുർഹാൻ (വ്യക്തമായ പ്രമാണം)**

ചോദ്യം ചെയ്യപ്പെടാൻ കഴിയാത്തവിധം സത്യം തെളിയിക്കുന്ന ഒന്നിനെയാണ് 'ബുർഹാൻ' എന്ന് വിളിക്കുന്നത്. പ്രവാചകനും അദ്ദേഹം കൊണ്ടുവന്ന മാർഗദർശനവും മനുഷ്യബുദ്ധിക്ക് അംഗീകരിക്കാൻ കഴിയുന്ന അത്രമേൽ വ്യക്തമായ തെളിവാണ്.

ഒരു കുറ്റാന്വേഷണത്തിൽ സംശയാതീതമായ തെളിവ് ലഭിക്കുമ്പോൾ എങ്ങനെയാണോ സത്യം വെളിപ്പെടുന്നത്, അതുപോലെ മനുഷ്യന്റെ ഉൽപത്തിയെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും ക്വുർആൻ നൽകുന്ന വിശദീകരണങ്ങൾ ബുദ്ധിപരമായ തെളിവുകളാണ്. ഇത് കേവലം അന്ധമായ വിശ്വാസമല്ല, മറിച്ച് ചിന്തിക്കുന്ന ഏത് മനുഷ്യനും ബോധ്യപ്പെടുന്ന വ്യക്തമായ പ്രമാണമാണ്. പ്രപഞ്ചത്തിലെ ഓരോ ചലനവും ഒരു സ്രഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്നു എന്ന സത്യം ക്വുർആൻ തെളിവുകൾ സഹിതം സമർഥിക്കുന്നു.

സത്യത്തെയും അസത്യത്തെയും വേർതിരിച്ചു കാണിക്കുന്ന, അക്കങ്ങൾപോലെ കൃത്യമാണ് ക്വുർആനിലെ വാദമുഖങ്ങൾ. ശാസ്ത്രീയവും ചരിത്രപരവുമായ സത്യങ്ങൾ അത്ഭുതകരമാംവിധം ഈ ഗ്രന്ഥത്തിൽ കോർത്തിണക്കിയിരിക്കുന്നു. ബുദ്ധിയുള്ള ഒരാൾക്ക് ഇതിനെ അവഗണിക്കാൻ കഴിയില്ല; കാരണം ഇത് കേവലം കഥകളല്ല, മറിച്ച് പ്രപഞ്ചനാഥൻ മനുഷ്യർക്ക് മുന്നിൽ വെക്കുന്ന വിട്ടുവീഴ്ചയില്ലാത്ത സത്യസാക്ഷ്യമാണ്.

**നൂർ (പ്രകാശം)**

ഇരുട്ടിൽ വഴി കാണാത്തവന് വെളിച്ചം എത്രത്തോളം പ്രധാനമാണോ, അതുപോലെ ജീവിതത്തിന്റെ ലക്ഷ്യമറിയാതെ ഉഴലുന്ന മനുഷ്യന് ക്വുർആൻ വെളിച്ചമാണ്. എന്ത് ചെയ്യണം, എന്ത് ചെയ്യരുത് എന്ന് ഈ വെളിച്ചത്തിൽ നമുക്ക് വ്യക്തമായി കാണാം.

നമ്മുടെ ജീവിതത്തിൽ പലപ്പോഴും ശരിയേത്, തെറ്റേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. സ്വന്തം താൽപര്യങ്ങളും സമൂഹത്തിന്റെ സമ്മർദങ്ങളും നമ്മെ വഴിതെറ്റിച്ചേക്കാം. അത്തരം ഘട്ടങ്ങളിൽ ജീവിതപാതയിലെ കുഴികളും കല്ലുകളും കാണിച്ചുതന്ന് സുരക്ഷിതമായി മുന്നോട്ട് നയിക്കുന്ന പ്രകാശമാണ് ഈ വേദഗ്രന്ഥം. ഈ വെളിച്ചം കൂടെയുള്ളവൻ ഒന്നിനെയും ഭയപ്പെടേണ്ടതില്ല.

ആന്തരികമായ അന്ധകാരത്തെ നീക്കി ഹൃദയത്തിന് തെളിച്ചം നൽകുന്ന ഒന്നാണ് ഈ ദൈവിക പ്രകാശം. ബാഹ്യമായ കാഴ്ചകൾക്കപ്പുറം സത്യത്തെ തി


രിച്ചറിയാനുള്ള ഉൾക്കാഴ്ച (ബസ്വീറത്ത്) ക്വുർആൻ നൽകുന്നു. ഈ വെളിച്ചമില്ലാത്ത ജീവിതം എത്ര ഐശ്വര്യമുള്ളതാണെന്ന് തോന്നിയാലും അത് ലക്ഷ്യമില്ലാത്ത അലച്ചിലായിരിക്കും. ക്വുർആൻ ഹൃദയത്തിലേറ്റിയവൻ ദുനിയാവിന്റെ ആശയക്കുഴ പ്പങ്ങ ളിൽ തപ്പിത്തടയില്ല.

**അല്ലാഹുവിനെ മുറുകെ പിടിക്കുക**

സത്യം മനസ്സിലാക്കിയാൽ മാത്രം പോരാ, അത് ജീവിതത്തിൽ മുറുകെ പിടിക്കുക കൂടി വേണമെന്ന് അല്ലാഹു ഓർമിപ്പിക്കുന്നു. അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ നിർദേശങ്ങളുമാണ് ഒരു വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും വലിയ കരുത്ത്.

ജീവിതത്തിൽ പ്രലോഭനങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ പതറിപ്പോകാതെ അല്ലാഹുവിന്റെ പാശത്തിൽ (ക്വുർആനിൽ) മുറുകെ പിടിക്കുന്നവർക്ക് മാത്രമെ ലക്ഷ്യസ്ഥാനത്ത് എത്താൻ കഴിയൂ. കൊടുങ്കാറ്റിൽ അകപ്പെട്ട കപ്പലിന് ഒരു നങ്കൂരം എങ്ങനെയോ, അതുപോലെ ഈ ലോകത്തെ പരീക്ഷണങ്ങളിൽ വിശ്വാസിക്ക് താങ്ങായി നിൽക്കുന്നത് അല്ലാഹുവിലുള്ള ഈ അടിയുറച്ച വിശ്വാസമാണ്.

വിശ്വാസം എന്നത് ഒരു പാർട്ട് ടൈം ജോലിയല്ല, മറിച്ച് നിരന്തരമായ മുറുകെ പിടിക്കലാണ്. അതിശക്തമായ ബന്ധം റബ്ബുമായി ഉണ്ടാവണം. സകല



**വിജയത്തിലേക്കുള്ള വഴികൾ നമുക്ക് മുന്നിൽ പലരും തുറന്നുവെച്ചേക്കാം, എന്നാൽ അല്ലാഹു നിശ്ചയിച്ച പാത മാത്രമാണ് ലക്ഷ്യത്തിലെത്തുന്നത്. അവന്റെ കാരുണ്യത്താൽ പൊതിയപ്പെട്ട ഒരു വിശ്വാസിക്ക് ഈ ലോകത്തെ നഷ്ടങ്ങളിൽ സങ്കടമില്ല, നേട്ടങ്ങളിൽ അഹങ്കാരവുമില്ല. ആ നേർവഴിയി ലൂടെയുള്ള യാത്ര സത്യവിശ്വാസിക്ക് നൽകുന്നത് ഭൂമിയിലെ സ്വർഗാനുഭവമാണ്, അഥവാ സമാധാന പൂർണമായ ജീവിതമാണ്.**

രും നമ്മെ കൈവിട്ടാലും, സാഹചര്യങ്ങൾ എതിരാ യാലും അല്ലാഹുവിന്റെ നിയമങ്ങളിൽ മുറുകെ പിടിക്കുന്നവന് ക്വുർആൻ വാഗ്ദാനം ചെയ്യുന്ന സുര ക്ഷിതത്വം മറ്റൊരിടത്തും ലഭിക്കില്ല.

**കാരുണ്യവും നേരായ പാതയും**

അല്ലാഹുവിനെ മുറുകെ പിടിക്കുന്നവർക്ക് അവൻ നൽകുന്ന വലിയ വാഗ്ദാനമാണ് തന്റെ കാരു ണ്യവും (റഹ്മത്ത്) അനുഗ്രഹവും (ഫദ്ൽ). അതോടൊപ്പം തന്നെ അവനിലേക്ക് എത്താനുള്ള നേരായ പാതയിലേക്ക് (സ്വിറാത്വുൻ മുസ്തക്വീം) അവൻ അവരെ നയിക്കുകയും ചെയ്യും.

മനുഷ്യന്റെ ഏറ്റവും വലിയ ഭാഗ്യം സ്രഷ്ടാവിന്റെ കാരുണ്യത്തിന് അർഹനാവുക എന്നതാണ്. നേരായ പാതയിലൂടെ സഞ്ചരിക്കുക എന്നത് ജീവിതത്തിലെ എല്ലാ കുഴപ്പങ്ങളിൽ നിന്നും മോചനം നൽകുന്നു. ഈ ലോകത്ത് സമാധാനത്തോടെ ജീവിക്കാനും പരലോകത്ത് ഉന്നതമായ വിജയം നേടാനും സ്രഷ്ടാവ് തന്നെ വഴികാട്ടിയായി മാറുന്നതിനെക്കാൾ വലിയൊരു അനുഗ്രഹം മറ്റെന്താണുള്ളത്?

വിജയത്തിലേക്കുള്ള വഴികൾ നമുക്ക് മുന്നിൽ പലരും തുറന്നുവെച്ചേക്കാം, എന്നാൽ അല്ലാഹു നിശ്ചയിച്ച പാത മാത്രമാണ് ലക്ഷ്യത്തിലെത്തുന്നത്. അവന്റെ കാരുണ്യത്താൽ പൊതിയപ്പെട്ട ഒരു വിശ്വാസിക്ക് ഈ ലോകത്തെ നഷ്ടങ്ങളിൽ സങ്കടമില്ല, നേട്ടങ്ങളിൽ അഹങ്കാരവുമില്ല. ആ നേർവഴിയി ലൂടെയുള്ള യാത്ര സത്യവിശ്വാസിക്ക് നൽകുന്നത് ഭൂമിയിലെ സ്വർഗാനുഭവമാണ്, അഥവാ സമാധാന പൂർണമായ ജീവിതമാണ്.

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 27

وَيَوْمَ نَحْشُرُ مِن كُلِّ أُمَّةٍ فَوْجًا مِّمَّن يُكَذِّبُ بِآيَاتِنَا فَهُمْ يُوزَعُونَ ﴿٨٣﴾

83 ഓരോ സമുദായത്തിൽനിന്നും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളുന്ന ഓരോ സംഘത്തെ നാം ഒരുമിച്ചുകൂട്ടുകയും, അങ്ങനെ അവർ ക്രമത്തിൽ നിർത്തപ്പെടുകയും ചെയ്യുന്ന ദിവസത്തെ (ഓർക്കുക).

*അന്ത്യനാൾ വരുമ്പോഴുള്ള സത്യനിഷേധികളുടെ അവസ്ഥയാണ് ഇവിടെ പറയുന്നത്. എല്ലാ സമുദായങ്ങളെയും സംഘങ്ങളായി അല്ലാഹു ഒരുമിച്ചുകൂട്ടും. (നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരെ ക്രമത്തിൽ നിർത്തപ്പെടും) അവരിൽ ആദ്യത്തെവരെയും അവസാനത്തെവരെയും ചോദ്യം ചെയ്യാനും ശാസിക്കാനും ഒന്നിച്ചു ചേർക്കും.*

حَتَّىٰ إِذَا جَاءُوا قَالَ أَكَذَّبْتُم بِآيَاتِي وَلَمْ تُحِيطُوا بِهَا عِلْمًا أَمَّاذَا كُنتُمْ تَعْمَلُونَ ﴿٨٤﴾

84 അങ്ങനെ അവർ വന്നുകഴിഞ്ഞാൽ അവൻ പറയും: 'എന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തികച്ചും മനസ്സിലാക്കാതെ നിങ്ങൾ അവയെ നിഷേധിച്ച് തള്ളുകയാണോ ചെയ്തത്? അതല്ല, എന്താണ് നിങ്ങൾ ചെയ്തുകൊണ്ടിരുന്നത്?

*(അങ്ങനെ അവർ വന്നു കഴിഞ്ഞാൽ) അവർ ഹാജരാകുമ്പോൾ അവരെ അപമാനിച്ചു ചോദിക്കും: (എന്റെ ദൃഷ്ടാന്തങ്ങളെ പറ്റി തികച്ചും മനസ്സിലാക്കാതെ നിങ്ങൾ അവയെ നിഷേധിച്ചുതള്ളുകയാണോ ചെയ്തത്? സത്യം വെളിവാകുന്നതുവരെ ഒരു നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് പാടില്ലായിരുന്നോ? അറിവില്ലാതെ സംസാരിക്കാനും സൂക്ഷ്മമായി അറിയാത്ത കാര്യത്തെ നിഷേധിക്കാനും എങ്ങനെയാണ് നിങ്ങൾക്ക് സാധിച്ചത്?(അതല്ല, എന്താണ് നിങ്ങൾ ചെയ്തുകൊണ്ടിരുന്നത്?) അവരുടെ അറിവിനെ കുറിച്ചും പ്രവർത്തികളെകുറിച്ചും അല്ലാഹു അവരോട് ചോദിക്കും. അവരുടെ അറിവ് സത്യത്തെ നിരാകരിക്കുന്നതായിരുന്നു എന്നും അവർ ചെയ്തത് അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നിർദേശമനുസരിച്ചായിരുന്നില്ല എന്നും അവർക്ക് മനസ്സിലാകും.*

وَوَقَعَ الْقَوْلُ عَلَيْهِم بِمَا ظَلَمُوا فَهُمْ لَا يَنطِقُونَ ﴿٨٥﴾

85 അവർ അക്രമം പ്രവർത്തിച്ചതുനിമിത്തം (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് അവരുടെ മേൽ വന്നുഭവിച്ചു. അപ്പോൾ അവർ (യാതൊന്നും) ഉരിയാടുകയില്ല.

*(അവർ അക്രമം പ്രവർത്തിച്ചതുനിമിത്തം ശിക്ഷയുടെ വാക്ക് അവരുടെമേൽ വന്നുഭവിച്ചു) അവർ ചെയ്തുവന്ന തെറ്റുകൾ മൂലവും അവർക്കെതിരായ തെളിവുകൾ മൂലവും അവർ ശിക്ഷക്ക് അർഹരാകും. (അപ്പോൾ അവർ യാതൊന്നും സംസാരിക്കുകയില്ല) കാരണം അവരുടെയടുക്കൽ യാതൊരു തെളിവും ഉണ്ടാവില്ല.*

أَلَمْ يَرَوْا أَنَّا جَعَلْنَا اللَّيْلَ لِيَسْكُنُوا فِيهِ وَالنَّهَارَ مُبْصِرًا ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٨٦﴾

**86** രാത്രിയെ നാം അവർക്ക് സമാധാനമടയാനുള്ളതാക്കുകയും പകലിനെ പ്രകാശമുള്ള താക്കുകയും ചെയ്തിരിക്കുന്നു എന്നവർ ക ണ്ടില്ലേ? വിശ്വസിക്കുന്ന ജനങ്ങൾക്കു തീർച്ച യായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

*86). ഈ മഹത്തായ ദൃഷ്ടാന്തവും അനുഗ്രഹവും അവർ കണ്ടില്ലേ? രാത്രിയും പകലും അവർക്ക് അല്ലാഹു സൗകര്യപ്പെടുത്തിക്കൊടുത്തു. രാത്രിയുടെ ഇരുട്ടിൽ, തങ്ങളുടെ അധ്വാനങ്ങൾക്ക് ശേഷം വിശ്രമിക്കാനും അങ്ങനെ വീണ്ടും ജോലികൾക്ക് തയ്യാറെടുക്കാനും സമാധാനത്തോടെ തങ്ങാനും സൗകര്യപ്പെടുത്തി. പകലിന്റെ പ്രകാശത്തിലാകട്ടെ, തങ്ങളുടെ ഉപജീവനങ്ങൾക്കും ജോലികൾക്കും സൗകര്യമായി. (വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങൾ ഉണ്ട്) അല്ലാഹുവിന്റെ ഏകത്വത്തിനും മഹത്തായ അനുഗ്രഹത്തിനുമുള്ള തെളിവുകൾ.*

وَيَوْمَ يُنفَخُ فِي الصُّورِ فَفَزِعَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ ۚ وَكُلٌّ أَتَوْهُ دَاخِرِينَ ﴿٨٧﴾

**87** കാഹളത്തിൽ ഊതപ്പെടുന്ന ദിവസത്തെ (ഓർക്കുക). അപ്പോൾ ആകാശങ്ങളിലുള്ള വരും ഭൂമിയിലുള്ളവരും ഭയവിഹ്വലരായിപ്പോകും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. എല്ലാവരും എളിയവരായിക്കൊണ്ട് അവന്റെ അടുത്ത് ചെല്ലുകയും ചെയ്യും.

*87). അന്ത്യനാളിൽ വരാനിരിക്കുന്നവയെ കുറിച്ച് അല്ലാഹു ഇവിടെ മുന്നറിയിപ്പ് നൽകുന്നു: അവിടെ ഹൃദയങ്ങൾ നടുങ്ങിപ്പോകുന്ന പ്രയാസങ്ങളും പരീക്ഷണങ്ങളും ഉണ്ട്. അല്ലാഹു പറയുന്നു: (കാഹളത്തിൽ ഊതപ്പെടുന്ന ദിവസം ഭയവിഹ്വലരായി പോകും). ആ ഊത്തിനാൽ (ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ) അവർക്ക് വരാൻ പോകുന്നത് കണ്ട് അവർ ഭയവിഹ്വലരാകും. പേടിച്ചു വിറക്കും. അവർ പരസ്പരം ഇളകി മറിയും. (അല്ലാഹു ഉദ്ദേശിച്ചവർ ഒഴികെ). അല്ലാഹു ആദരിച്ചവരെയും അവൻ ഉറപ്പിച്ചു നിർത്തിയവരെയും ഭയത്തിൽ നിന്ന് അവൻ സംരക്ഷിച്ചു നിർത്തും. (എല്ലാവരും) കാഹളത്തിൽ ഊതുമ്പോൾ എല്ലാ സൃഷ്ടികളും (എല്ലാവരും എളിയവരായികൊണ്ട് അവന്റെ അടുക്കൽ ചെല്ലുകയും ചെയ്യും). വിനയാന്വിതരായും കീഴ്പെട്ടവരായി ഉയർത്തെഴുന്നേൽക്കും. അല്ലാഹു മറ്റൊരിടത്ത് പറയുന്നു:*

*'രാജാധിരാജന് മുമ്പിൽ കീഴൊതുങ്ങുന്നതിൽ നേതാക്കളും പ്രജകളും സമമായിരിക്കും' (മർയം 31).*

وَتَرَى الْجِبَالَ تَحْسَبُهَا جَامِدَةً وَهِيَ تَمُرُّ مَرَّ السَّحَابِ ۚ صُنْعَ اللَّهِ الَّذِي أَتْقَنَ كُلَّ شَيْءٍ ۚ إِنَّهُ
خَبِيرٌ بِمَا تَفْعَلُونَ ﴿٨٨﴾

**88** പർവതങ്ങളെ നീ കാണുമ്പോൾ അവ ഉറച്ചുനിൽക്കുന്നതാണ് എന്ന് നീ ധരിച്ച് പോകും. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നതുപോലെ ചലിക്കുന്നതാണ്. എല്ലാ കാര്യവും കുറ്റമറ്റതാക്കിത്തീർത്ത അല്ലാഹുവിന്റെ പ്രവർത്തനമത്രെ അത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

*88). ആ ഭയങ്കര ദിവസത്തിന്റെ ഭീകരത കാരണം (പർവതങ്ങളെ നീ കാണുമ്പോൾ അവ ഉറച്ചു നിൽക്കുന്നതാണെന്ന് നീ ധരിച്ചു പോകും) അതിൽനിന്നൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത വിധത്തിൽ അവ എപ്പോഴും ഉള്ളതുപോലെ നിലനിൽക്കുന്നതായി നീ വിചാരിക്കും. അവയാകട്ടെ എത്താവുന്നിടത്തോളം പ്രയാസങ്ങളിലൂടെയും ഭയാനകതകളിലൂടെയും കടന്നുപോയിട്ടുണ്ട്. അവ തകർക്കപ്പെടുകയും അപ്രത്യക്ഷമാവുകയും ചിതറിയ പൊടിപോലെയാവുകയുംചെയ്യും. അല്ലാഹു പറയുന്നു: (അവ മേഘങ്ങൾ ചലിക്കുന്നപോലെ ചലിക്കുന്നതാണ്) കഠിനമായ ഭയത്താൽ. (എല്ലാ കാര്യവും കുറ്റമറ്റതാക്കിത്തീർത്ത അല്ലാഹുവിന്റെ പ്രവർത്തനമത്രെ അത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു) നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി അവൻ പ്രതിഫലം നൽകും.*



# നോമ്പും പട്ടിണിയും

സലാം തിരുമല
: 9746166090

ഇടയത്താഴം കഴിച്ച് എണീറ്റപ്പോൾ പാത്രത്തിൽ കുറച്ച് ആഹാരം ബാക്കി വെച്ചിരിക്കുന്നത് കണ്ട് ഭാര്യ ചോദിച്ചു:

'ഇതെന്താ ബാക്കി വെച്ചത്? അത്രയും കൂടി കഴിച്ചു കൂടായിരുന്നോ? വൈകുന്നേരം വരെ പട്ടിണി കിടക്കാനുള്ളതല്ലേ?'

'നേരം വെളുത്തിട്ട് ഇതെടുത്ത് ആ പൂച്ചകൾക്ക് കൊടുക്കണം'-അയാൾ പറഞ്ഞു.

'അതെന്താ? നമുക്ക് നോമ്പല്ലേ? അവറ്റകളും കിടക്കട്ടെ അൽപം പട്ടിണി'-ഭാര്യയുടെ മറുപടിയിൽ അൽപം പരിഹാസം കലർന്നിരുന്നു.

"എടീ, ഇതിനെ പട്ടിണി എന്ന് വിളിക്കരുത്'- അയാൾ അവളെ തിരുത്തി.

"ചിലർ നോമ്പിനെ 'പട്ടിണി' എന്നും 'ഉപവാസം' എന്നുമൊക്കെ വിശേപ്പിക്കാറുണ്ട്. എന്നാൽ ഇവ മൂന്നും മൂന്ന് അർഥമുള്ള വാക്കുകളാണ്. കൈയിൽ ആഹാരമുണ്ടായിട്ടും ദൈവപ്രീതിക്കായി അത് വേണ്ടെന്ന് വെക്കുന്നതാണ് 'നോമ്പ്.' എന്നാൽ കഴിക്കാൻ ഒന്നുമില്ലാത്തതുകൊണ്ട് ഭക്ഷണം കഴിക്കാതിരിക്കുന്ന അവസ്ഥയാണ് 'പട്ടിണി.' പ്രതിഷേധസൂചകമായി ആഹാരത്തെ പൂർണമായും നിരാകരിച്ചുകൊണ്ട് ശരീരത്തെ പീഡിപ്പിക്കുന്നതാണ് 'ഉപവാസം.' അത് പലപ്പോഴും അധികാരികളിൽനിന്ന് എന്തെങ്കിലും നേടിയെടുക്കാൻ സ്വീകരിക്കുന്ന സമരരീതിയാണ്. പട്ടിണിക്കും ഉപവാസത്തിനുമുള്ള അർഥമല്ല നോമ്പിന്. നോമ്പിലൂടെ നമ്മൾ നേടുന്ന അച്ചടക്കം ജീവിതത്തിൽ പകർത്തിക്കാണിക്കണം. ഞാനെന്തിനാണ് എന്റെ പാത്രത്തിൽ ഭക്ഷണം ബാക്കിവെച്ചതെന്ന് ഇപ്പോൾ നിനക്ക് മനസ്സിലായിക്കാണുമല്ലോ; ഇത്രയും പറയാൻ വേണ്ടിയാണ്."

ഭാര്യ ഒന്ന് പതറി. അയാൾ തുടർന്നു: "ഉദാഹരണം പറയാതെ കാര്യങ്ങൾ നിന്റെ തലയിൽ കയറാറില്ലല്ലോ. എനിക്ക് നിന്നോട് മറ്റൊരു കാര്യം കൂടി പറയാനുണ്ട്. ഇന്നലെ ദാനം ചോദിച്ച് വന്ന അമുസ്‌ലിമായ സ്ത്രീ കുടിക്കാൻ ഒരു ഗ്ലാസ്സ് വെള്ളം ചോദിച്ചപ്പോൾ ഞങ്ങൾക്ക് നോമ്പായതിനാൽ തരാൻ പറ്റില്ല എന്നു നീ പറഞ്ഞല്ലോ. ഞാനാണ് അവർക്ക് വെള്ളം കൊടുത്തത്. നമുക്ക് നോമ്പായതുകൊണ്ട് മറ്റുള്ളവർക്ക് വെള്ളം കൊടുക്കാൻ പാടില്ലെന്നുണ്ടോ? നോമ്പുകാരല്ലാത്തവർക്ക് ആഹാരമോ വെള്ളമോ നൽകുന്നത് വിലക്കണമെന്ന് ക്വുർആനിലോ ഹദീസിലോ വന്നിട്ടുണ്ടോ?"


അതോടെ ഭാര്യയുടെ മനോഭാവം മാറി. അവർ ചിന്താകുലയായി ചോദിച്ചു: "അങ്ങനെയെങ്കിൽ നോമ്പുകാലത്ത് മുസ്‌ലിംകൾ നടത്തുന്ന ഹോട്ടലുകൾ വൈകുന്നേരംവരെ തുറക്കാതിരിക്കുന്നതും ചിലത് റമദാൻ മാസം മുഴുവൻ അടച്ചിടുന്നതും ശരിയാണോ?"

"വിവിധ മതക്കാർ ജീവിക്കുന്ന നാട്ടിൽ അങ്ങനെ ചെയ്യുവാൻ നാം കൽപിക്കപ്പെട്ടിട്ടില്ല. ആരെങ്കിലും ആരാധനകളിൽ മുഴുകാൻ വേണ്ടിയോ മറ്റോ അങ്ങനെ ചെയ്യുന്നുവെങ്കിൽ അവരെ ആക്ഷേപിക്കേണ്ടതുമില്ല."

"ശരി, എന്നാൽ പിന്നെ നമുക്ക് ഇപ്പോൾ തന്നെ ഈ ആഹാരം പൂച്ചയ്ക്ക് ഇട്ടുകൊടുക്കാം"-ഭാര്യ.

"നീ ഈ വെളുപ്പാൻ കാലത്ത് റിസ്കെടുക്കേണ്ട. നേരം വെളുത്തിട്ട് കൊടുത്താൽ മതി."

ചിരിച്ചുകൊണ്ട് ഭാര്യ അതിനോട് യോജിച്ചു. ആ ചെറിയ തർക്കം അങ്ങനെ വലിയൊരു തിരിച്ചറിവിലാണ് അവസാനിച്ചത്.



# അന്ധത പരത്തുന്ന ശിർക്കും അനാചാരങ്ങളും

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

മനുഷ്യന്റെ സകലമാന സമാധാനത്തെയും നഷ്ടപ്പെടുത്തുന്ന ഏറ്റവും വലിയ അക്രമമാണ് ബഹു ദൈവാരാധന അഥവാ (ശിർക്ക്). തൗഹീദിനാൽ ലഭ്യമാവുന്ന മുഴുവൻ നിർഭയത്വവും അല്ലാഹുവിൽ പങ്കുചേർക്കുന്നതോടുകൂടി മനുഷ്യരിൽനിന്ന് നഷ്ടമാവും. പിന്നീടവർക്ക് വലിയ ഭയാശങ്കകളിലൂടെയായിരിക്കും ജീവിക്കേണ്ടിവരിക. സൃഷ്ടികളെ ആരാധിക്കുന്നവർക്ക് ഒരിക്കലും മരണാനന്തര ജീവിതത്തിൽ വിജയിക്കാനാവില്ല. ശിർക്കിനെ ഏറ്റവും വലിയ അക്രമമായിട്ടാണ് ഇസ്‌ലാം കാണുന്നത്. വിശുദ്ധ ക്വുർആൻ ഇക്കാര്യം വ്യക്തമാക്കുന്നത് കാണുക:

“ലുക്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു” (31:13).

നമ്മുടെ അധികാരത്തിലും അവകാശത്തിലും മറ്റൊരാൾ കൈകടത്തുന്നത് മനുഷ്യരായ നമുക്ക് തന്നെ അസഹനീയമാണ്. അപ്പോൾ പിന്നെ സർവശക്തനായ, തുല്യതയില്ലാത്ത സ്രഷ്ടാവിന് പങ്കുകാരെ ആരോപിക്കുന്നത് എത്രമാത്രം ഗൗരവതരമാണ്! സൃഷ്ടികളോട് വളരെയേറെ കാരുണ്യവും ദയയും സ്നേഹവുമുള്ള അല്ലാഹു എല്ലാ പാപങ്ങളും മനുഷ്യർക്ക് പൊറുത്തുകൊടുത്തേക്കാം; എന്നാൽ ശിർക്ക് അവൻ പൊറുക്കാത്ത പാപമാണ്.

“തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു” (4:116).

പശ്ചാത്തപിക്കാതെയാണ് മരണപ്പെടുന്നത് എങ്കിൽ അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണ് ശിർക്ക്. ഒരു മനുഷ്യൻ ചെയ്യുന്ന നന്മകൾ കൊണ്ടും, അവൻ അനുഭവിക്കുന്ന വിപത്തുകൾ കാരണമായും, വിശ്വാസികളുടെ പ്രാർഥനയാലും, അല്ലാഹുവിന്റെ കാരുണ്യംകൊണ്ടുമൊക്കെ അല്ലാഹു ഒരാളുടെ പാപങ്ങൾ പൊറുത്തുകൊടുത്തേക്കാം. എന്നാൽ ശിർക്ക് കാരണം ദൈവകാരുണ്യത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെടും. ശിർക്ക് ചെയ്യുന്നവന്റെ എല്ലാ പുണ്യങ്ങളും സൽകർമങ്ങളും നിഷ്ഫലമായിത്തീരുമെന്ന യാഥാർഥ്യം എല്ലാ നബിമാർക്കും അല്ലാഹു ദിവ്യബോധനം നൽകിയിട്ടുണ്ട്. ശിർക്കാകുന്ന മഹാപാപം ചെയ്യുന്നവർക്ക് പരലോകത്ത് സ്വർഗമെന്ന ദൈവാനുഗ്രഹം ലഭിക്കില്ലെന്നും നരകശിക്ഷയായിരിക്കും അവരെ കാത്തിരിക്കുന്നത് എന്നും സംശയലേശമെന്യെ ക്വുർആൻ ഉണർത്തുന്നത് കാണുക:

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും"(39:65).

"അവർ(അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു" (6:88).

ശിർക്ക് ചെയ്യുന്നവരുടെ പരലോകജീവിതം മാത്രമല്ല ഐഹികജീവിതവും ഭയാശങ്കകളും പരിഭ്രാന്തിയും നിറഞ്ഞതായിരിക്കും. ശിർക്ക് ചെയ്യുന്നവർക്ക് ഏതെങ്കിലും ഒന്നിൽ ഉറച്ചു നിൽക്കാൻ കഴിയില്ല. അതിനാൽതന്നെ വിശ്വാസംകൊണ്ട് ലഭിക്കുന്ന മനസ്സമാധാനവും സ്ഥൈര്യവും അവർക്ക് ഉണ്ടാവില്ല. അവർ അസ്വസ്ഥരും ചഞ്ചലചിത്തരുമായിരിക്കും:



**നമ്മുടെ അധികാരത്തിലും അവകാശത്തിലും മറ്റൊരാൾ കൈകടത്തുന്നത് മനുഷ്യരായ നമുക്ക് തന്നെ അസഹനീയമാണ്. അപ്പോൾ പിന്നെ സർവശക്തനായ, തുല്യതയില്ലാത്ത സ്രഷ്ടാവിന് പങ്കുകാരെ ആരോപിക്കുന്നത് എത്രമാത്രം ഗൗരവതരമാണ്! സൃഷ്ടികളോട് വളരെയേറെ കാരുണ്യവും ദയയും സ്നേഹവുമുള്ള അല്ലാഹു എല്ലാ പാപങ്ങളും മനുഷ്യർക്ക് പൊറുത്തുകൊടുത്തേക്കാം; എന്നാൽ ശിർക്ക് അവൻ പൊറുക്കാത്ത പാപമാണ്.**

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ.) അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകു ന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (22:31).

ബഹുദൈവാരാധന എന്ന മഹാപാപം മനുഷ്യനെ സന്മാർഗത്തിൽനിന്ന് അങ്ങേയറ്റം പിഴപ്പിക്കുകയും വലിയ ദുർമാർഗത്തിൽ എത്തിക്കുകയും ചെയ്യും. ബഹുദൈവാരാധനയുടെ നിരർഥകത വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്ന ഒരു ഉദാഹരണം ഇങ്ങനെയാണ്:

**ശരിയായി ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്നതരത്തിൽ, വിശദീകരണം ആവശ്യമില്ലാത്ത വിധം വ്യക്തമാണ് വിശുദ്ധ ക്വുർആനിന്റെ ഈ പരാമർശങ്ങൾ. ശിർക്ക് ചെയ്യുന്നതിലൂടെ ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദാണ് തകരുന്നത്. ജാറങ്ങളിലും മക്ബറകളിലും പലപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ശിർക്കൻ വിശ്വാസ-ആചാരങ്ങളുടെ ഗൗരവം എത്രമേൽ വലുതാണെന്ന് ഈ പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. തകർന്ന അസ്തിവാരത്തിന് മുകളിൽ കെട്ടിപ്പടുക്കുന്നതിനൊന്നും സ്ഥായിയായ നിലനിൽപ്പുണ്ടാവുകയില്ല.**

'നിന്നെ സൃഷ്ടിച്ച അല്ലാഹുവിന് നീ പങ്കുകാരെ ഉണ്ടാക്കലാണ്'' (മുസ്‌ലിം).

അല്ലാഹുവിന് പങ്കുകാരെ നിശ്ചയിക്കുകയും ശിർക്കിന്റെ പ്രചാരവേല നിർവഹിക്കുകയും ചെയ്യുന്നവർക്ക് ഒരുപക്ഷേ, താൽക്കാലിക ഭൗതിക നേട്ടമോ സാമ്പത്തിക ലാഭമോ ഒക്കെ ലഭിച്ചേക്കാം. പക്ഷേ, അവരുടെ പരലോകം ഭയാനകമായിരിക്കും. അവർക്ക് അല്ലാഹു നൽകുന്ന ഗൗരവതരമായ താക്കീത് ഇപ്രകാരമാണ്:

"അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കിവെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്ക്തന്നെയാണ്'' (14:30).

"അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെയും നീ സ്ഥാപിക്കരുത്. എങ്കിൽ അപമാനിതനും കയ്യൊഴിക്കപ്പെട്ടവനുമായി നീ ഇരിക്കേണ്ടിവരും'' (17:22).

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസി കളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; 'ഇസ്രാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരി ക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' എന്നാണ്'' (5:72).

ശരിയായി ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്ന തരത്തിൽ, വിശദീകരണം ആവശ്യമില്ലാത്ത

"അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനന്മാർ. ഒരു യജമാനന് മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല''(39:29).

"പറയുക: അല്ലാഹുവിന് പുറമെ ഞങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തതിനെ ഞങ്ങൾ വിളിച്ച് പ്രാർഥിക്കുകയോ? അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങൾ പുറകോട്ട് മടക്കപ്പെടുകയോ? (എന്നിട്ട്) പിശാചുക്കൾ തട്ടിത്തിരിച്ചു കൊണ്ടുപോയിട്ട് ഭൂമിയിൽ അന്ധാളിച്ച്കഴിയുന്ന ഒരുത്തനെപ്പോലെ (ഞങ്ങളാവുകയോ?). ഞങ്ങളുടെ അടുത്തേക്ക് വരൂ എന്നു പറഞ്ഞുകൊണ്ട്അവനെ നേർവഴിയിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന ചില കൂട്ടുകാരുണ്ട് അവന്ന്. പറയുക: തീർച്ചയായും അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. ലോകരക്ഷിതാവിന് കീഴ്പെടുവാനാണ് ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നത്'' (6:71).

ശിർക്കിന്റെ ഗൗരവം വ്യക്തമാക്കുന്ന ഈ നബിവചനങ്ങൾ കൂടി ശ്രദ്ധിക്കുക: "അല്ലാഹുവിന് പങ്കുകാരെ ഉണ്ടാക്കി പ്രാർഥിച്ചുകൊണ്ട് വല്ലവനും മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചു'' (ബുഖാരി, മുസ്‌ലിം).

"ഏറ്റവും വലിയ പാപം ഏതാണെന്ന് പ്രവാചകനോട് ഞാൻ ചോദിച്ചു. അവിടുന്ന് അരുളി:

വിധം വ്യക്തമാണ് വിശുദ്ധ ക്വുർആനിന്റെ ഈ പരാമർശങ്ങൾ. ശിർക്ക് ചെയ്യുന്നതിലൂടെ ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദാണ് തകരുന്നത്. ജാറങ്ങളിലും മക്ബറകളിലും പലപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ശിർക്കൻ വിശ്വാസ-ആചാരങ്ങളുടെ ഗൗരവം എത്രമേൽ വലുതാണെന്ന് ഈ പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. തകർന്ന അസ്ഥിവാരത്തിന് മുകളിൽ കെട്ടിപ്പടുക്കുന്നതിനൊന്നും സ്ഥായിയായ നിലനിൽപ്പുണ്ടാവുകയില്ല.

ശിർക്കിന്റെ പതാകവാഹകർ എത്രതന്നെ പ്രമാണങ്ങളെ വളച്ചൊടിച്ചാലും ഔലിയാക്കളെന്ന് ചിലരെ മഹത്ത്വവൽക്കരിച്ച് റബ്ബിന്റെ വിശേഷണങ്ങൾ ചാർത്തിക്കൊടുത്താലും അതിന്നൊന്നും പ്രമാണങ്ങളുടെ പിൻബലമുണ്ടാവുകയില്ലെന്നത് റബ്ബിന്റെ പ്രഖ്യാപനമാണ്:

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്നപക്ഷം - അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ-അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചു തന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച" (23:117).

ശിർക്ക് ചെയ്യുന്നതുകൊണ്ട് ഭൗതികവും പാരത്രികവുമായ നേട്ടങ്ങളൊന്നും ലഭിക്കാനില്ല. നഷ്ടപ്പെടാനുള്ളത് ദൈവികാനുഗ്രഹമായ ശാശ്വതമായ സ്വർഗലോകമാണെന്നത് ഓർത്തിരിക്കുക.

**നിർഭയത്വം നഷ്ടപ്പെടുത്തുന്ന അനാചാരങ്ങൾ**

നബി(സ്വ)യുടെ കാലശേഷം ഇസ്‌ലാമിന്റെ പേരിൽ ഉണ്ടാക്കിയിട്ടുള്ള പുത്തനാചാരങ്ങൾ തൗഹീദിന്റെ ഗുണഫലമായി മനുഷ്യരിൽ ഉണ്ടാക്കുന്ന നിർഭയത്വത്തെ തകർക്കുന്നത് കൂടിയാണ്. 'ബിദ്അത്ത്' എന്ന പദമാണ് അനാചാരങ്ങൾക്ക് അറബി ഭാഷയിൽ ഉപയോഗിച്ചുവരുന്നത്.

'ബിദ്അത്ത്' എന്ന അറബി പദത്തിന്റ ഭാഷാപരമായ അർഥം, പൂർവ മാതൃകയില്ലാതെ ഉണ്ടാക്കുന്നത് എന്നാണ്. എന്നാൽ മതപരമായി (സാങ്കേതികമായി) അതുകൊണ്ടുള്ള വിവക്ഷ നബി(സ്വ)യുടെ മാതൃകയില്ലാതെ മതത്തിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങളാണ്. ഒന്നുകൂടി വ്യക്തമാക്കിപ്പറഞ്ഞാൽ, മതം പൂർത്തിയായതിനുശേഷം അതിന്റ പേരിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങളെല്ലാം ബിദ്അത്താണ്.

ഇസ്‌ലാമിന്റെ സമ്പൂർണത വിശുദ്ധ ക്വുർആനും പ്രവാചകനും വ്യക്തമാക്കിയിട്ടുള്ളതാണ്. സന്ദേഹമില്ലാത്ത ഒരാദർശമെന്ന നിലയ്ക്ക് ആർക്കും എപ്പോഴും സമീപിക്കാവുന്ന സുന്ദരമായ ദീനാണ് ഇസ്‌ലാം. കാലഘട്ടങ്ങളുടെ മാറ്റത്തിനുസരിച്ചോ മനുഷ്യ നാഗരികതയുടെ പുരോഗതിക്കനുസരിച്ചോ ഖണ്ഡിതമായി പഠിപ്പിക്കപ്പെട്ട ഒരൊറ്റ പാഠവും തിരുത്തേണ്ടതായൊ കൂട്ടിച്ചേർക്കേണ്ടതായൊ ഇസ്‌ലാമിലില്ല. അഹ്‌ലുസ്സുന്നയുടെ മുൻഗാമികളായ പണ്ഡിതന്മാർ ഇക്കാര്യത്തിൽ ഗൗരവമേറിയ നിർദേശങ്ങൾ നമുക്ക് നൽകിയിട്ടുണ്ട്.

ഇമാം മാലിക്(റഹി) പുത്തനാചാരങ്ങളുടെ ഗൗരവത്തെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്: "ആരെങ്കിലും നല്ലതെന്ന പേരിൽ ഒരു ബിദ്അത്ത് ചെയ്താൽ മുഹമ്മദ് നബി(സ്വ) തന്റെ രിസാലത്തിൽ വഞ്ചന കാണിച്ചു എന്ന് അവൻ വാദിക്കുന്നുവെന്നാണ് അതിന്നർഥം."

ഇസ്‌ലാമിക പ്രമാണങ്ങളായ വിശുദ്ധ ക്വുർആനിനെയും തിരുസുന്നത്തിനെയും കയ്യൊഴിഞ്ഞുകൊണ്ട് പുത്തനാചാരങ്ങളുടെ പുറകെ പായുന്നവർ വലിയ അന്ധവിശ്വാസത്തിലേക്കും അതുവഴി ഏറ്റവും വലിയ വഴികേടിലേക്കുമാണ് എത്തിച്ചേരുന്നത്. നബിയിലൂടെ സത്യദീൻ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്നിരിക്കെ പിന്നീട് എന്തിനാണ് പുത്തനാചാരങ്ങളുടെ പിന്നാലെ പോകുന്നത് എന്ന് ആലോചിക്കാത്ത താണ് പല ബിദ്അത്തിന്റെ വാഹകരും അവരുടെ അനാചാരങ്ങളിൽ ഉറച്ചു നിൽക്കാനുള്ള കാരണം.

വിശ്വാസിയുടെ ജീവിതലക്ഷ്യം സ്വർഗപ്രവേശമാണ്. അതിന് ഉതകുന്ന സകലതും പ്രവാചകന്റെ ജീവിതത്തിലൂടെ അല്ലാഹു പഠിപ്പിച്ചു തന്നിട്ടുണ്ട്. വിശുദ്ധ ക്വുർആൻ അത് ഇങ്ങനെ വ്യക്തമാക്കി:

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹു വെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്"(33:21).

സന്മാർഗമാഗ്രഹിക്കുന്നവർ നബി(സ്വ)യുടെ ജീവിത മാതൃക കൃത്യമായി പിന്തുടരുകയാണ് വേണ്ടത്. അതിലൂടെയാണ് റബ്ബിന്റെ സ്നേഹം നേടാനാവുക. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേ ഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്" (3:31).

അഭിപ്രായ ഭിന്നതകളുണ്ടെങ്കിൽ പ്രാണങ്ങളിലേക്ക് മടങ്ങി അതിന് പരിഹാരം കണ്ടെത്തുകയാണ് വേണ്ടതെന്നും ക്വുർആൻ നിർദേശിച്ചു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ട ത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

**അനാചാരങ്ങളുടെ അപകടം വ്യക്തമാക്കുന്ന പ്രവാചക വചനങ്ങൾ**

ബിദ്അത്തിന്റെ ഗൗരവം വ്യക്തമാക്കുന്ന നബി(സ്വ)യുടെ ഉപദേശങ്ങൾ ഏറെയാണ്. അവയിൽ ചിലത് നമുക്കിപ്രകാരം വായിക്കാം:

ആഇശ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "നമ്മുടെ ഈ മതത്തിൽ, ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്" (സ്വഹീഹുൽ ബുഖാരി).

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: 'എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവർ ഒഴികെ.' അപ്പോൾ അവർ (സ്വഹാബികൾ) ചോദിച്ചു: 'ആരാണ് വിസമ്മതിച്ചവർ?' നബി(സ്വ) പറഞ്ഞു: 'ആർ എന്നെ അനുസരിച്ചുവോ (എന്റെ കൽപനകൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയോ) അവർ സ്വർഗത്തിൽ പ്രവേശിച്ചു. ആർ എന്നോട് അനുസരണക്കേട് കാണിച്ചുവോ അവർ എന്നെ വിസമ്മതിച്ചു" (സ്വഹീഹുൽ ബുഖാരി).

നബി(സ്വ) പറഞ്ഞു: "കാര്യങ്ങളിൽ വെച്ച് ഏറ്റവും മോശമായത് പുതുനിർമിതങ്ങളാണ് (ബിദ്അത്തുകളാണ്). എല്ലാ ബിദ്അത്തുകളും വഴികേടുമാണ്" (സ്വഹീഹ് മുസ്‌ലിം).

നബി(സ്വ) പറഞ്ഞു: "എനിക്കുശേഷം നിങ്ങളിൽനിന്ന് ജീവിച്ചിരിക്കുന്നവർക്ക് ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ കാണാൻ കഴിയും. അപ്പോൾ എന്റെ ചര്യയും സദ്‌വൃത്തരും വിവേകികളുമായ ഖലീഫമാരുടെ ചര്യയും നിങ്ങൾ പിന്തുടരുക. അണപ്പല്ലുകൾ കൊണ്ട് നിങ്ങളവ കടിച്ചുപിടിക്കുകയും ചെയ്യുവിൻ. (കാരണം, മതത്തിൽ) പുതുതായി നിർമിക്കപ്പെട്ട എല്ലാ കാര്യങ്ങളും അനാചാരമാണ്. എല്ലാ അനാചാരങ്ങളും വഴികേടുമാണ്" (അബൂദാവൂദ്).

"ഏറ്റവും നല്ല വാക്കുകൾ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഏറ്റവും നല്ല ചര്യ മുഹമ്മദ്നബി(സ്വ)യുടെ ചര്യയാണ്. ഏറ്റവും വലിയ തിന്മ പുതുതായി ഉണ്ടാക്കുന്ന കാര്യങ്ങളാണ്. എല്ലാ ബിദ്അത്തുകളും വഴികേടാണ്" (മുസ്‌ലിം).

ബിദ്അത്ത് ചെയ്യുന്നവർക്ക് പരലോകത്ത് ഹൗദുൽ കൗസറിലെ പാനീയം നിഷേധിക്കപ്പെടുമെന്നും നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

സഹ്‌ലുബ്നു സഅദി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ഞാൻ ഹൗദിങ്കൽ നിങ്ങളുടെ മുമ്പ് എത്തുന്നതാണ്. എന്റെ അരികിൽ വരുന്നവർ അതിൽനിന്ന് കുടിക്കും. അതിൽനിന്ന് കുടിച്ചവർക്ക് പിന്നെ ഒരിക്കലും ദാഹിക്കുകയില്ല. ചിലയാളുകൾ എന്റെയടുത്ത് ഹൗദിങ്കൽ വരും. അവരെ ഞാൻ അറിയും, അവർ എന്നെയും അറിയും. പിന്നെ അവരുടെയും എന്റെയും ഇടയിൽ മറയിടപ്പെടുന്നതാണ്. അപ്പോൾ ഞാൻ പറയും: 'അവർ എന്റെ സമുദായത്തിൽ പെട്ടവരാണല്ലോ.' അപ്പോൾ പറയപ്പെടും: 'താങ്കൾക്ക് ശേഷം അവർ പുതുതായി ഉണ്ടാക്കിയതിനെ താങ്കൾ അറിയില്ല.' തത്സമയം ഞാൻ പറയും: 'എന്റെ മതത്തെ വ്യതിയാനപ്പെടുത്തിയവർ ദൂരെ പോകട്ടെ" (സ്വഹീഹുൽ ബുഖാരി).

മരണാനന്തര ജീവിതത്തിലെ വിജയത്തിനായി, ഇഹലോകത്തെ നന്മനിറഞ്ഞ ജീവിതത്തിനായി തൗഹീദിൽ അടിയുറച്ച്, പ്രവാചകചര്യ മുറുകെ പിടിച്ച് ജീവിക്കുക.





# വ്യാജത്വരീക്വത്തുകൾക്കെതിരെ വാചാലരാകുന്നതെന്തിന്?


മൂസ സ്വലാഹി കാര
: 97473 45768

സമസ്തയുടെ പക്കലുള്ള ത്വരീകത്തുകളുടെ അസ്തിത്വവും ആശയങ്ങളും എന്താണോ അതിൽ തന്നെ ഊന്നിപ്പോകുന്ന ഏകദേശം ഇരുപതിലധികം ത്വരീകത്തുകൾ മുസ്‌ലിയാക്കന്മാരുടെ ദൃഷ്ടിയിൽ വ്യാജമാണ്. പലരുടെയും വ്യക്തി പ്രഭാവത്താൽ ഉണ്ടായതും നാളും നേരവും നോക്കി പിഴച്ചതെന്ന് സമസ്ത വിധിയെഴുതിയവയും അതിലുണ്ട്. പ്രമേയം വായിക്കാം:

"പരിശുദ്ധ ശരീഅത്തിനെ വെല്ലുവിളിച്ചും ഇസ്‌ലാമിക പ്രമാണങ്ങളെ വികലമായി വ്യാഖ്യാനിച്ചു കൊണ്ടും മുസ്‌ലിം സമൂദായത്തിൽ രംഗത്തുവരുന്ന പിഴച്ച ആത്മീയവാദികൾക്കെതിരെ വിശ്വാസി സമൂഹം അതീവ ജാഗ്രത പാലിക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു. ശരീഅത്തിന് വിരുദ്ധമായ ആത്മീയത ഇസ്‌ലാമിലില്ലെന്നിരിക്കെ, ഉലമാക്കൾ കാണിച്ചുതന്ന പരിശുദ്ധമായ തസവ്വുഫിന്റെ വഴിയിൽ നിന്ന് വ്യതിചലിച്ച് സ്വയം പ്രഖ്യാപിത ശൈഖുമാരായി ചമയുന്നവർ സമുദായത്തെ വഴിതെറ്റിക്കുകയുമാണ്.

ആത്മീയതയുടെ പേരിൽ ശരീഅത്തിനെ അവഗണിക്കുന്നതും ഫിഖ്ഹീ നിയമങ്ങളെ നിസ്സാരപ്പെടുത്തുന്നതുമായ ഇത്തരം വികല ചിന്താഗതികളെയും കേന്ദ്രങ്ങളെയും വിശ്വാസികൾ തിരിച്ചറിയണമെന്നും ഇവ്വിഷയത്തിൽ സമസ്തയുടെ നിലപാടാണ് സ്വീകരിക്കേണ്ടതെന്നും വ്യാജ പ്രചരണങ്ങളിൽ വീണുപോകാതെ അഹ്‌ലുസ്സുന്നയുടെ ശുദ്ധ

**മദ്റസ സംവിധാനത്തെ എതിർത്ത് 'ഒരു കാലത്തും ലാ തജ്അലുൽ ബനീനാ മദ്റസ വഴിയിൽ യതഅല്ലമൂനാ' അഥവാ കുട്ടികളെ മദ്റസയിൽ പഠിപ്പിക്കാൻ ഒരിക്കലും നിങ്ങൾ മദ്റസ ഉണ്ടാക്കരുതെന്ന് പാടി നടന്നവർ, മദ്റസക്കെതിരെ ജനങ്ങളെ രംഗത്തിറക്കിയവർ 1950കൾക്ക് ശേഷം ഈ സംവിധാനം പകർത്താൻ തുടങ്ങി. ഇപ്പോൾ മദ്റസ പ്രസ്ഥാനത്തിന് പ്രാരംഭം കുറിച്ചവർ തങ്ങളാണെന്ന് പ്രചരിപ്പിക്കുന്നു. മദ്റസകളുടെ എണ്ണവും വണ്ണവും ചൂണ്ടിക്കാട്ടി അഭിമാനിക്കുന്നു. ചരിത്രം പഠിക്കുന്ന, വസ്തുനിഷ്ഠമായി കാര്യങ്ങളെ വിലയിരുത്തുന്ന ഒരാളുടെയും കണ്ണിൽ പൊടിയിട്ട് കബളിപ്പിക്കാൻ കഴിയില്ലെന്ന് നൂറിലെത്തിയവർ ഇനിയെങ്കിലും തിരിച്ചറിയട്ടെ!**


suprabhaatham

Samastha Centenary 1926-2026

സമസ്ത നൂറാം വാർഷികത്തിൽ അവതരിപ്പിച്ച ശ്രദ്ധേയമായ പ്രമേയങ്ങൾ

suprabhaatham പ്രമേയം 19 POST DATE 10 2026 FEB

## വ്യാജ ത്വരീഖതുകളിൽ നിന്ന് വിട്ടുനിൽക്കുക

പരിശുദ്ധ ശരീഅത്തിനെ വെല്ലുവിളിച്ചും ഇസ്‌ലാമിക പ്രമാണങ്ങളെ വികലമായിവ്യാഖ്യാനിച്ചുകൊണ്ടും മുസ്ലിം സമുദായത്തിൽ രംഗത്തുവരുന്ന പിഴച്ച ആത്മീയവാദികൾക്കെതിരെ വിശ്വാസി സമൂഹം അതീവ ജാഗ്രത പാലിക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു. ശരീഅത്തിന് വിരുദ്ധമായ ആത്മീയത ഇസ്‌ലാമിലില്ലെന്നിരിക്കേ, ഉലമാക്കൾ കാണിച്ചുതന്ന പരിശുദ്ധമായ 'തസവ്വുഫിന്റെ' വഴിയിൽ നിന്ന് വ്യതിചലിച്ച് സ്വയം പ്രഖ്യാപിത ശൈഖുമാരായി ചമയുന്നവർ സമുദായത്തെ വഴിതെറ്റിക്കുകയുമാണ്. ആത്മീയതയുടെ പേരിൽ ശരീഅത്തിനെ അവഗണിക്കുന്നതും ഫിഖ്ഹീ നിയമങ്ങളെ നിസ്സാരപ്പെടുത്തുന്നതുമായ ഇത്തരം വികല ചിന്താഗതികളെയും കേന്ദ്രങ്ങളെയും വിശ്വാസികൾ തിരിച്ചറിയണമെന്നും ഇവ്വിഷയത്തിൽ സമസ്തയുടെ നിലപാടാണ് സ്വീകരിക്കേണ്ടതെന്നും വ്യാജ പ്രചരണങ്ങളിൽ വീണുപോകാതെ അഹ്ലുസ്സുന്നയുടെ ശുദ്ധമായ ആത്മീയ പാതയിൽ അടിയുറച്ചു നിൽക്കണമെന്നും നൂറാം വാർഷിക സമ്മേളനത്തിലെ ആത്മീകസംഗമപ്രമേയം ഉദ്ബോധിപ്പിക്കുന്നു.

അവതാരകൻ : ബശീർ അബ്ദുല്ല ഫൈസി
അനുവാദകൻ : അസ്ഗറലി ഫൈസി പട്ടിക്കാട്

www.suprabhaatham.com

മായ ആത്മീയ പാതയിൽ അടിയുറച്ചു നിൽക്കണമെന്നും നൂറാം വാർഷിക സമ്മേളനത്തിലെ ആത്മീയ സംഗമ പ്രമേയം ഉദ്ബോധിപ്പിക്കുന്നു.”

അദ്വൈത, അവതാര വിശ്വാസങ്ങളുള്ള ‘തസവ്വുഫ്’ ഒരു നിലയ്ക്കും പരിശുദ്ധമാവുകയില്ല. ചേലും കോലവും നോക്കി ത്വരീഖത്തുകളെ വ്യാജമാക്കാൻ പ്രമേയം തയ്യാറാക്കുക വഴി മുസ്‌ലിയാക്കന്മാർ സ്വയം അപഹാസ്യരാകുന്നതും അതിന് വേണ്ടി അഹ്‌ലുസ്സുന്ന വൽജമാഅയെ മറയാക്കുന്നതും ഒഴിവാക്കി എല്ലാ ത്വരീഖത്തുകളും ആത്മീയ തട്ടിപ്പിന്റെ തട്ടകങ്ങളാണെന്ന് പ്രമാണങ്ങൾ പഠിപ്പിച്ച പ്രമേയത്തിലേക്ക് മടങ്ങുക എന്നതാണ് സത്യസന്ധമായ സമീപനം. അല്ലാഹു പറയുന്നു: “ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (6:153).

### പ്രമാണങ്ങളോടൊപ്പമുള്ളവർ നവീനവാദികളോ?

മതം പഠിപ്പിക്കാത്ത നവീനനിർമിതികൾ (ബിദ്അത്ത്) മതത്തിന്റെ അവിഭാജ്യകാര്യങ്ങളായി കൊണ്ടു നടക്കുന്നവരാണ് സമസ്തക്കാർ. എന്നിട്ട് പുത്തൻ വാദികൾ എന്നു പേരുനൽകുന്നത് അതിനെതിരെ പടപൊരുതുന്നവർക്കും! പ്രമേയം വായിക്കാം:


“മുസ്‌ലിം ഉമ്മത്തിന്റെ ഐക്യവും ഒത്തൊരുമയും സമസ്ത ആഗ്രഹിക്കുന്നു. എന്നാൽ, ദീനി വിഷയങ്ങളിൽ നവീന ആശയങ്ങൾ കടത്തിക്കൂട്ടി വിശുദ്ധ ശരീഅത്തിനെ വികലമാക്കുന്ന ദുഷ്പ്രവണതയെ സമസ്ത എന്നും എതിർത്തു പോന്നിട്ടുണ്ട്. മുസ്‌ലിം സമൂഹത്തെ ബാധിക്കുന്ന പൊതുവിഷയങ്ങളിൽ ഐക്യപ്പെടുന്നതിന് ഇതുതടസ്സമാവുകയില്ലെന്നുള്ള സമസ്തയുടെ നിലപാട് ഈ സമ്മേളനം ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. വിവിധ ഘട്ടങ്ങളിൽ സമസ്തയിൽ നിന്ന് വേർപിരിഞ്ഞു പോയവർ മാതൃസംഘടനയിലേക്ക് തിരിച്ചുവരണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു” (പ്രമേയം18).

ഐക്യം ആഗ്രഹിക്കുന്നവർ എന്തിനാണ് 1924ൽ രൂപീകരിക്കപ്പെട്ട കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅയിൽനിന്ന് വേർപിരിഞ്ഞു പോയി മറ്റൊരു സംഘടന തട്ടിക്കൂട്ടിയത്? പൂർത്തിയാക്കപ്പെട്ട ദീനിലേക്ക് കണക്കില്ലാത്ത കാര്യങ്ങൾ കൂട്ടിച്ചേർത്ത് അതിനെ പ്രത്യക്ഷത്തിൽ മാത്രം ഒതുക്കിയ മുസ്‌ലിയാക്കന്മാർ തന്നെയല്ലേ നവീന ആശയക്കാർ?

വിശ്വാസികൾക്ക് ആശ്വാസം ക്വുർആനിന്റെ വാഗ്ദാനമാണ്: “നിനക്ക് സന്ദേശം നൽകപ്പെടുന്നതിനെ നീ പിന്തുടരുക. അല്ലാഹു തീർപ്പുകൽപിക്കുന്നത് വരെ ക്ഷമിക്കുകയും ചെയ്യുക. തീർപ്പുകൽപിക്കുന്നവരിൽ ഉത്തമനത്രെ അവൻ” (10:109).

### നവോത്ഥാനത്തെ നിഷ്പ്രഭമാക്കാൻ ശ്രമിച്ചതിനും പ്രമേയം!

മത, സാമൂഹ്യ മേഖലകളിലെ


suprabhaatham

Samastha Centenary 1926-2026

സമസ്ത നൂറാം വാർഷികത്തിൽ അവതരിപ്പിച്ച ശ്രദ്ധേയമായ പ്രമേയങ്ങൾ

suprabhaatham | പ്രമേയം 03 | POST DATE 10 FEB 2026

## തൗഹീദിനെ അട്ടിമറിക്കുന്നവരെ തിരിച്ചറിയുക

പരിശുദ്ധ ഖുർആനും തിരുസുന്നത്തും സലഫുസ്സ്വാലിഹീങ്ങളും പഠിപ്പിച്ചുതന്ന യഥാർത്ഥ തൗഹീദിനെ വികലമായി വ്യാഖ്യാനിച്ച് മുസ്ലിം സമുദായത്തിൽ ഭിന്നതയുണ്ടാക്കുന്ന വഹാബി പ്രസ്ഥാനങ്ങളുടെ ആദർശ വൈരുദ്ധ്യങ്ങൾക്കെതിരെ സമൂഹം ജാഗ്രത പാലിക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു. മുൻഗാമികളായ പണ്ഡിതന്മാരെയും ഔലിയാക്കളെയും തള്ളിപ്പറഞ്ഞും, സുന്നി വിശ്വാസികളെ മുശ്രിക്കുകളായി മുദ്രകുത്തിയും രംഗത്തുവന്ന വഹാബിസം, കാലക്രമേണ തങ്ങൾതന്നെ നിർമ്മിച്ചെടുത്ത തൗഹീദ് സങ്കൽപ്പങ്ങളിൽ വെള്ളം ചേർക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ജിന്ന്, സിഹ്റ് തുടങ്ങിയ വിഷയങ്ങളിൽ തൗഹീദിലുണ്ടായ ആശയക്കുഴപ്പങ്ങളും ഗ്രൂപ്പ് വഴക്കുകളും ഇവരുടെ ആദർശാടിത്തറ എത്രത്തോളം ദുർബലമാണെന്ന് തെളിയിക്കുന്നു. കേവല യുക്തിചിന്തയുടെയും ഭൗതിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെയും പ്രവാചക ചര്യയെയും വ്യാഖ്യാനിക്കുന്നതിലൂടെ വിശ്വാസികളെ വഴിതെറ്റിക്കുന്ന ഇത്തരം നവീനവാദികളെ തിരിച്ചറിയണമെന്നും, അഹ്ലുസ്സുന്നയുടെ പാവനമായ ആദർശ പാതയിൽ അടിയുറച്ചു നിൽക്കണമെന്നും ഈ പ്രമേയം വിശ്വാസി സമൂഹത്തെ ഉണർത്തുകയും ഭക്തിയുടെ വേഷം കെട്ടി വഹാബിസത്തിലേക്ക് വിശ്വാസികളെ റിക്രൂട്ട് ചെയ്യുന്ന തബ്ലീഗ് ജമാഅത്തിനെ കരുതിയിരിക്കണമെന്നും സമസ്ത നൂറാം വാർഷിക സമ്മേളനം ആഹ്വാനം ചെയ്യുന്നു

അവതാരകൻ : ഇ.അലവി ഫൈസി കുളപ്പറമ്പ്
അനുവാദകൻ : ശരീഫ് ബാഖവി വേശാല

www.suprabhaatham.com

നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത് സമസ്തയാണെന്ന് വരുത്തിത്തീർക്കാനും അതുകൊണ്ട് അഭിമാനം കൊള്ളാനും വേണ്ടി പ്രത്യേക പ്രമേയമുണ്ട്:

"സ്ത്രീ സംബന്ധമായി ഇസ്‌ലാമിന് വ്യക്തവും യുക്തവുമായ കാഴ്ചപ്പാടുണ്ട്. കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങൾ ആവശ്യമായി വരാത്തവയാണവ. സ്ത്രീവിദ്യാഭ്യാസത്തിനോ ന്യായമായ സ്വാതന്ത്ര്യത്തിനോ ഇസ്‌ലാം എതിരല്ല...'' (പ്രമേയം 20).

"സമസ്തയുടെ ദൗത്യങ്ങളും സന്ദേശങ്ങളും സമൂഹം ഏറ്റെടുത്തതിന്റെ ശദാബ്ദി നിറവിലാണ് പ്രസ്ഥാനം. ലോക മുസ്‌ലിംങ്ങൾക്ക് മാതൃകയാം വിധം കേരളീയ മുസ്‌ലിംങ്ങളെ പാകപ്പെടുത്തിയ പൂർവ്വസൂരികളെ നൂറാം വാർഷിക സമ്മേളനം പ്രാർത്ഥനയോടെ സ്മരിക്കുന്നു..." (പ്രമേയം 21).

വാസ്തവവിരുദ്ധമായ പ്രമേയമാണിത്! നവോത്ഥാനത്തോട് മുസ്‌ലിയാക്കന്മാർക്കുണ്ടായിരുന്ന വെറുപ്പ് മാറ്റാൻ നിദാനമായ യഥാർഥ നവോത്ഥാന പ്രസ്ഥാനത്തിന്റെ നേതാക്കളോട് ഞങ്ങൾക്ക് വലിയ കടപ്പാടുണ്ടെന്നും അവർ തുറന്നുവെച്ച വഴികളിലൂടെയാണ് ഞങ്ങളുടെ സംഘടനയായ 'സമസ്ത'ക്ക് സാമൂഹ്യ വളർച്ച സാധ്യമായതെന്നും സ്മരിച്ചുകൊണ്ടുള്ള പ്രമേയമായിരുന്നെങ്കിൽ ഇത് പ്രസക്തമായിരുന്നു. 1930 മാർച്ച് 16ന് മണ്ണാർക്കാട് വെച്ചു നടന്ന, സമസ്തയുടെ നാലാം വാർഷിക സമ്മേളനത്തിൽ സ്ത്രീകൾ എഴുത്ത് പഠിക്കൽ നിഷിദ്ധമാണെന്ന് പ്രമേയമിറക്കിയത് ഇവർ മറന്നുപോയോ? അതിനെ ന്യായികരിച്ചുകൊണ്ട് ഇവർ എഴുതിയത് കാണുക:

"എന്നാൽ സ്ത്രീ എഴുത്ത് പഠിക്കുന്നതിൽ ഭൗതികപരമായ വല്ല ഗുണവുമുണ്ടോ ഇല്ലേ എന്ന് ഇവിടെ പറയേണ്ടതില്ല. ഭൗതികപരമായി വല്ല ഗുണമുണ്ടായാലും അക്കാര്യം ശറഇന് വിരോധിക്കുന്നതിന് തടസ്സമില്ല. കള്ളിൽ ധാരാളം ഗുണങ്ങളുണ്ടെന്ന് പറഞ്ഞ ഇസ്‌ലാം അടുത്ത നിമിഷത്തിൽ അത് ഹറാമാണെന്ന് പ്രഖ്യാപിച്ചുവല്ലോ" (സമസ്ത 60-ാം വാർഷികം/പേജ് 67).

കള്ള് നിഷിദ്ധമാക്കിയതിനോട് സ്ത്രീ എഴുത്ത് പഠിക്കലിനെ തുല്യപ്പെടുത്തിയ ഇക്കൂട്ടർ അത് തിരുത്താതെ സ്ത്രീ വിദ്യാഭ്യാസ നവോത്ഥാനം വാദിക്കുന്നതിൽ എന്തർഥമാണുള്ളത്.

മദ്റസ സംവിധാനത്തെ എതിർത്ത് 'ഒരു കാലത്തും ലാ തജ്അലുൽ ബനീനാ മദ്റസ വഴിയിൽ യതഅല്ലമൂനാ' അഥവാ കുട്ടികളെ മദ്റസയിൽ പഠിപ്പിക്കാൻ ഒരിക്കലും നിങ്ങൾ മദ്റസ ഉണ്ടാക്കരുതെന്ന് പാടി നടന്നവർ, മദ്റസക്കെതിരെ ജനങ്ങളെ രംഗത്തിറക്കിയവർ 1950കൾക്ക് ശേഷം ഈ സംവിധാനം പകർത്താൻ തുടങ്ങി. ഇപ്പോൾ മദ്റസ പ്രസ്ഥാനത്തിന് പ്രാരംഭം കുറിച്ചവർ തങ്ങളാണെന്ന് പ്രചരിപ്പിക്കുന്നു. മദ്റസകളുടെ എണ്ണവും വണ്ണവും ചൂണ്ടിക്കാട്ടി അഭിമാനിക്കുന്നു. ചരിത്രം പഠിക്കുന്ന, വസ്തുനിഷ്ഠമായി കാര്യങ്ങളെ വിലയിരുത്തുന്ന ഒരാളുടെയും കണ്ണിൽ പൊടിയിട്ട് കബളിപ്പിക്കാൻ കഴിയില്ലെന്ന് നൂറിലെത്തിയവർ ഇനിയെങ്കിലും തിരിച്ചറിയട്ടെ! ■




# അപകടങ്ങൾ നമ്മോടു പറയുന്നത്

ശാക്കിറ ടി.കെ, കൊല്ലം

അപകടങ്ങളും പരീക്ഷണങ്ങളും മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ ഇവ കേവലം യാദൃച്ഛികതകളല്ല, വലിയ പാഠങ്ങൾ ഉൾക്കൊള്ളുന്ന, സ്രഷ്ടാവ് നിശ്ചയിച്ച കാര്യങ്ങളാണ്. മനുഷ്യജീവിതം സന്തോഷങ്ങളും സങ്കടങ്ങളും നിറഞ്ഞതാണ്. പലപ്പോഴും നാം പ്രതീക്ഷിക്കാത്ത സമയ ത്തായിരിക്കും അപകടങ്ങളും ദുരന്തങ്ങളും നമ്മെ തേടിയെത്തുന്നത്. ഇത്തരം പ്രതിസന്ധികൾ മനുഷ്യനെ ചില യാഥാർഥ്യങ്ങൾ ബോധ്യപ്പെടുത്തുന്നു:

**1. ജീവിതത്തിന്റെ നശ്വരത**

അപകടങ്ങൾ നമ്മെ ഓർമിപ്പിക്കുന്ന ഒന്നാമത്തെ പാഠം ഈ ലോകത്തിന്റെ നശ്വരതയാണ്. എത്ര വലിയ സമ്പത്തോ സ്വാധീനമോ ഉള്ളവനാണെങ്കിലും ഒരു നിമിഷംകൊണ്ട് എല്ലാം തകരാമെന്ന് അപകടങ്ങൾ കെളിയിക്കുന്നു. അല്ലാഹു പറയുന്നു: "ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോ ധിക്കുന്നതാണ്. നമ്മുടെ അടുത്തേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:35).

**2. അല്ലാഹുവിലേക്കുള്ള മടക്കം**

ജീവിതത്തിന്റെ തിരക്കുകളിൽ സ്രഷ്ടാവിനെ മറന്നുപോകുന്ന മനുഷ്യനെ, അല്ലാഹുവിലേക്ക് തിരികെ വിളിക്കാനുള്ള ഒരു മാർഗമാണ് പരീക്ഷണങ്ങൾ. പ്രതിസന്ധികളിൽ അകപ്പെടുമ്പോൾ മാത്രമാണ് പലരും അല്ലാഹുവിനെക്കുറിച്ച് ചിന്തിക്കുന്നതും അവനോട് പ്രാർഥിക്കുന്നതും. ഇത് ആത്മീയമായ ഒരു ഉണർവിന് കാരണമാകുന്നു.

**3. പാപമോചനത്തിനുള്ള വഴി**

വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ ദേഹത്ത് ചെറിയൊരു മുള്ള് തറയ്ക്കുന്നത് പോലും അവന്റെ പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമായിത്തീരുമെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. അപകടങ്ങളെ അല്ലാഹുവിന്റെ ശിക്ഷയായിട്ടല്ല, മറിച്ച് അവന്റെ പരീക്ഷണമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്.

**4. ക്ഷമിക്കുക, പ്രതിഫലമാഗ്രഹിക്കുക**

വിപത്തുകൾ വരുമ്പോൾ വിശ്വാസി പാലിക്കേണ്ട ഏറ്റവും വലിയ ഗുണമാണ് ക്ഷമ. പ്രയാസങ്ങളിൽ തളരാതെ അല്ലാഹുവിന്റെ വിധിയിൽ സംതൃപ്തിയടയുന്നവർക്ക് അല്ലാഹു വലിയ പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ട്: "തീർച്ചയായും ക്ഷമാശീലർക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ നൽകപ്പെടുന്നതാണ്" (ക്വുർആൻ 39:10).

**5) ജാഗ്രതയും മുൻകരുതലും**

അപകടങ്ങൾ മനുഷ്യന്റെ അശ്രദ്ധയെയും അലസതയെയും ഓർമിപ്പിക്കുന്നു. സ്വന്തം സുരക്ഷയിലും മറ്റുള്ളവരുടെ കാര്യത്തിലും നാം കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ഇവ നമ്മെ പഠിപ്പിക്കുന്നു. 'ഒട്ടകത്തെ കെട്ടിയിട്ട ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുക' എന്ന പ്രവാചക വചനം മുൻകരുതലിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

അപകടം ഉറപ്പാണെന്നറിഞ്ഞിട്ടും സാഹസം കാണിച്ച് അതിൽ ചെന്നു ചാടുന്നത് ആത്മഹത്യാപരമാണ്. അവ നമ്മോട് പറയുന്നത് നമ്മൾ ദുർബലരാണെന്നും സർവശക്തനായ അല്ലാഹു മാത്രമാണ് യഥാർഥ സംരക്ഷകനെന്നുമാണ്. ഈ ബോധ്യം ഉണ്ടാകുമ്പോഴാണ് ഒരു വിശ്വാസിക്ക് ഏത് പ്രതിസന്ധിയെയും പുഞ്ചിരിയോടെ നേരിടാൻ സാധിക്കുക.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
25 April 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

**+91 86067 88882 | +91 75940 88003**

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam | Malappuram | Kerala- 676519
www.schoolofquran.in Info@schoolofquran.in